ഭാരത സർക്കാർ

വനിത ശിശു വികസന മന്ത്രാലയം

ഭാരത സർക്കാർ

പുതിയ പ്രഭാതത്തിലേക്ക്

വനിത ശിശു വികസന മന്ത്രാലയം

സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിന് വേണ്ടിയുള്ള പദ്ധതികൾ

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്ക് കോ-ഓപ്പറേഷൻ ആന്റ് ചൈൽഡ് ഡവലപ്പ്മെന്റ്

5, സിറ്റി ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, ഹോസ് വാസ്,

ന്യൂ ദില്ലി - 110016

വികസനപദ്ധതികൾക്കും പരിപാടികൾക്കും ഒരു ആമുഖം

വികസന പദ്ധതികളും പരിപാടികളും

1. **വനിതാ-ശിശു വികസന മന്ത്രാലയം**

ബേട്ടി ബചാവോ, ബേട്ടി പഠാവോ പദ്ധതി

- 2015 ജനുവരി 22ന് ഹരിയാനയിലെ പാനിപ്പത്തിലാണ് ബേട്ടി ബചാവോ, ബേട്ടി പഠാവോ (BBBP) പദ്ധതിക്ക് ആരംഭം കുറിച്ചത്. പെൺകുഞ്ഞുങ്ങളുടെ അനുപാതത്തിലുള്ള കുറവും വനിതകളുടെ പിന്നോക്കാവസ്ഥയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഈ പദ്ധതി കൈകാര്യം ചെയ്യുന്നു.
- തിരഞ്ഞെടുക്കപ്പെട്ട Child Sex Ratio (CSR) കുറഞ്ഞ 161 ജില്ലകളിൽ, ആരോഗ്യം, HRD, WCD മന്ത്രാലയങ്ങൾ തമ്മിൽ ദേശീയതല മാധ്യമപ്രചരണത്തിലൂടെയും ബഹുമുഖ മേഖലകളിലെ നടപടികളിലൂടെയും ഇന്ത്യാ ഗവൺമെന്റും സംസ്ഥാനങ്ങളും, ഏകോപനത്തോടെയുള്ളതുമായ നടപടികൾ സ്വീകരിക്കുന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ബേട്ടി ബചാവോ, ബേട്ടി പഠാവോ പദ്ധതിയുടെ വിശാലമായ ലക്ഷ്യം പെൺകുഞ്ഞിന്റെ അവകാശങ്ങളെ ആഘോഷിക്കലും അവളുടെ വിദ്യാഭ്യാസം സാധ്യമാക്കുകയുമാണ്.
- ഇന്ത്യയിലെ ശിശുക്കളുടെ ലിംഗാനുപാതത്തിലെ ഇടിവ് (0-6 വയസ്സുകാരുടെ വിഭാഗത്തിൽ 1000 ആൺകുട്ടികൾക്ക് പെൺകുട്ടികളുടെ എണ്ണം)

1961	1971	1981	1991	2001	2011
976	964	962	945	927	918

ലക്ഷ്യങ്ങൾ

- ലിംഗ പക്ഷപാതപരമായി പെൺകുഞ്ഞുങ്ങളെ ലിംഗനിർണയം ചെയ്ത് ഭ്രൂണഹത്യ ചെയ്യുന്നത് തടയുക.
- പെൺകുഞ്ഞിന്റെ അതിജീവനവും വികസനവും ഉറപ്പാക്കുക.
- പെൺകുഞ്ഞിന്റെ സംരക്ഷണവും പങ്കാളിത്തവും ഉറപ്പാക്കുക.

ലക്ഷ്യമിടുന്ന വിഭാഗവും ബന്ധപ്പെട്ടവയും

പ്രാഥമികം	ചെറുപ്പക്കാരും പുതിയതായി വിവാഹിതരുമായ ദമ്പതികൾ, ഗർഭിണികളും മുലയൂട്ടുന്നവരുമായ അമ്മമാർ, മാതാപിതാക്കൾ
ദ്വിതീയം	യുവാക്കൾ, കൗമാരക്കാർ (പെൺകുട്ടികളും ആൺകുട്ടികളും), വിവാഹബന്ധുക്കളും. ഡോക്ടർമാർ, ചികിത്സകർ, സ്വകാര്യ ആശുപത്രികൾ, നഴ്സിങ് ഹോമുകൾ, ലിംഗനിർണയ കേന്ദ്രങ്ങൾ (ഡയഗനോസ്റ്റിക് സെന്ററുകൾ)
Tertiary	ഉദ്യോഗസ്ഥർ, PRIs, മുൻനിര പ്രവർത്തകർ, വനിതാ സ്വയംസഹായസംഘങ്ങൾ, കൂട്ടായ്മകൾ, മതനേതാക്കൾ, സന്നദ്ധസംഘടനകൾ, മാധ്യമങ്ങൾ, വൈദ്യ സംഘടനകൾ, വ്യവസായ സംഘടനകൾ

പരിപാടിയുടെ പ്രധാന ഘടകങ്ങൾ

- ബഹുജന വിനിമയ പ്രചരണം - തുല്യ അവകാശങ്ങളുള്ള ശാക്തീകരിക്കപ്പെട്ട പൗരന്മാരായിത്തീരുന്ന വിധത്തിൽ പെൺകുട്ടികൾക്ക് ജന്മം നൽകുകയും വളർത്തുകയും വിദ്യാഭ്യാസം നൽകുകയും ചെയ്യുമെന്ന് ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പയിനുകൾ നടത്തുക.
- ലിംഗാനുപാത ഭീഷണി നേരിടുന്ന, തിരഞ്ഞെടുത്ത 161 ജില്ലകളിൽ ബഹുമുഖ മേഖലകളിൽ നടപടി എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും ഉൾപ്പെടെ: MoHFWയും MoHRDയുമായി അഭിപ്രായൈക്യത്തിലൂടെ ബഹുമുഖ മേഖലകളിലെ നടപടികളിലൂടെയുള്ള സമീപനം.

ബഹുമുഖ മേഖലാ നടപടി



PRI കളുടെ പങ്ക്

- ജില്ലാതലത്തിൽ ജില്ലാകളക്ടർ/ഡെപ്യൂട്ടി കമ്മീഷണർ നേതൃത്വം നൽകുന്ന ഡിസ്ട്രിക്ട് ടാസ്ക് ഫോഴ്സ് (DTF) ഇതിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെ (ആരോഗ്യം & കുടുംബക്ഷേമം, ഉചിതമായ അധികാരിയും (പി സി പി & എൻ ഡി റ്റി), വിദ്യാഭ്യാസം, പഞ്ചായത്ത് രാജ്/ഗ്രാമവികസനം, പോലീസ്) ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി (DLSA)യുൾപ്പെടെ പ്രാതിനിധ്യമുണ്ടായിരിക്കും. ജില്ലാ ആക്ഷൻ പ്ലാനിന്റെ ഫലപ്രദമായ നടപ്പാക്കലും മോണിറ്ററിങ്ങും സൂപ്പർവിഷനും DTFന്റെ ചുമതലയാണ്.
  ബ്ലോക്ക് ആക്ഷൻ പ്ലാൻ ഫലപ്രദമായി നടപ്പാക്കുന്നതിനും മോണിറ്ററിങ്ങിനും സൂപ്പർവിഷനും പിന്തുണ നൽകാനായി സബ്ഡിവിഷൽ മജിസ്ട്രേട്ട് /സബ് ഡിവിഷണൽ ഓഫീസർ/ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകൾ തീരുമാനിക്കുന്നതു പ്രകാരം) ചെയർപേഴ്സണായി ബ്ലോക്ക് തല സമിതി രൂപീകരിച്ചിരിക്കണം.
- ഗ്രാമപഞ്ചായത്ത് /വാർഡ് തലത്തിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/വാർഡിന്റെ അധികാര പരിധിയിലെ പഞ്ചായത്ത് സമിതി/വാർഡ് സമിതിക്കായിരിക്കും(ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകൾ തീരുമാനിച്ചേക്കാവുന്നതുപോലെ) പദ്ധതിക്കു കീഴിലുള്ള പ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനുള്ള ഏകോപനത്തിന്റേയും സൂപ്പർവിഷന്റേയും ചുമതല.
- വില്ലേജ് തലത്തിൽ, വില്ലേജ് ഹെൽത്ത് സാനിറ്റേഷൻ ആൻഡ് ന്യൂട്രീഷൻ കമ്മറ്റികൾ (പഞ്ചായത്തുകളുടെ സബ് കമ്മറ്റികളായി അംഗീകരിക്കപ്പെട്ടവ) പദ്ധതിയുടെ ഗ്രാമതലത്തിലുള്ള നടത്തിപ്പിനേയും മോണിറ്ററിങ്ങിനേയും നയിക്കുകയും പിന്തുണയ്ക്കുകയും ചെയ്യും. CSR പ്രശ്നത്തിൽ ബോധവല്ക്കരണം നടത്തൽ, ഡാറ്റാ ശേഖരണം പ്രചരണം എന്നിവയിൽ നടപടി ഗ്രാമസഹയോഗ് സഖി (GSS)

സംയോജിത ശിശുവികസന പദ്ധതി (ICDS) യുടെ കുടക്കീഴിലുള്ള അങ്കണവാടി സേവന പദ്ധതികൾ

- ➢ സമഗ്ര ശിശുവികസന പ്രാരംഭ പരിപാടിക്കായുള്ള ഏറ്റവും വലിയ സമൂഹാധിഷ്ഠിത പദ്ധതിയാണ് ഇന്ന് ഐസിഡിഎസ്.
- ➢ പ്രാഥമികാരോഗ്യ ശുശ്രൂഷയും വിദ്യാഭ്യാസ സമ്പ്രദായങ്ങളുമായി അവശസമൂഹങ്ങൾക്കുള്ള നിർണായക കണ്ണി ആണത്. അമ്മയുടേയും കുഞ്ഞിന്റേയും ക്ഷേമം കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതിയാണ് ഐസിഡിഎസ് സ്കീം. ഇന്ത്യക്ക് തന്റെ കുട്ടികളോടുള്ള പ്രതിബദ്ധതയുടെ പ്രതീകം.
- ➢ ഏറ്റവും നല്ല സാമ്പത്തിക കയ്യടക്കത്തോടെ, നേരിട്ട് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന കാര്യക്ഷമമായ സേവനം നൽകലിനും (ICDS Umbrella) ഒരു കുടക്കീഴിൽ വിവിധ സ്കീമുകളെ ചിട്ടയായ രീതിയിൽ.

ലക്ഷ്യങ്ങൾ

- ➢ 0–6 വയസ്സുകാരായ കുട്ടികളുടെ വിഭാഗത്തിന്റെ പോഷക ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുക.
- ➢ കുട്ടിയുടെ മാനസികവും ശാരീരികവും സാമൂഹികവുമായ വികാസത്തിന് അടിത്തറയിടുക.
- ➢ മരണം പോഷകക്കുറവ്, സ്കൂളിലെ കൊഴിഞ്ഞുപോക്ക് എന്നിവയുടെ തോത് കുറയ്ക്കുക.
- ➢ ശിശുവികസനത്തിന് സഹായിക്കുന്ന വിവിധ ഡിപ്പാർട്ടുമെന്റുകൾക്കിടയിൽ ഫലപ്രദമായ നയങ്ങളും നിർവ്വഹണവും കൈവരിക്കുക.
- ➢ ശരിയായ പോഷകത്തിലൂടെയും ആരോഗ്യ വിദ്യാഭ്യാസത്തിലൂടേയും ശിശുവിന്റെ സ്വാഭാവിക ആരോഗ്യവും പോഷകാവശ്യങ്ങളും പരിപാലിക്കാനുള്ള അമ്മയുടെ പ്രാപ്തി വർദ്ധിപ്പിക്കുക.

ലക്ഷ്യമിടുന്ന വിഭാഗം

- 6 വയസ്സിന് താഴെയുള്ള കുട്ടികൾ
- ഗർഭിണികളും മുലയൂട്ടുന്നവരുമായ അമ്മമാർ
- 15-45 വയസ്സിന് ഇടയിലുള്ള വിഭാഗം സ്ത്രീകൾ

ഐ സി ഡി എ സിന്റെ സേവനങ്ങൾ

സേവനങ്ങളുടെ പാക്കേജ്

ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലെ അടിസ്ഥാന സൗകര്യങ്ങൾ മുഖേനയാണ് ആറു സേവനങ്ങളിൽ മൂന്നിന്റേയും അതായത്, ഇമ്മ്യൂണൈസേഷനും ആരോഗ്യ പരിശോധനയും റഫറൽ സേവനങ്ങളും നടത്തുന്നത്.

സമയാസമയങ്ങളിൽ കേന്ദ്രസർക്കാരിന്റെ വനിതാ-ശിശു വികസന മന്ത്രാലയം പുറപ്പെടുവിക്കുന്ന പോഷകാഹാരത്തിന്റേയും മുലയൂട്ടലിന്റേയും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള conformityയായിരിക്കും പൂരക പോഷണം. വിവിധ വിഭാഗങ്ങളിൽപെടുന്ന ഗുണഭോക്താക്കൾക്കായുള്ള ചെലവ് തുകയും മാർഗനിർദ്ദേശങ്ങളും കേന്ദ്രസർക്കാരിന്റെ കീഴിൽ അല്ലെങ്കിൽ സമയാസമയങ്ങളിൽ പുതുക്കപ്പെടാവുന്നതായിരിക്കും.

ICDS സ്കീമിന്റെ അങ്കണവാടി സേവനങ്ങളുടെ കീഴിലുള്ള പൂരക പോഷണ പരിപാടിയുടെ നിരക്ക് മാർഗനിർദ്ദേശങ്ങളുടെ പുതുക്കൽ

ക്രമ നമ്പർ	വിഭാഗങ്ങൾ	നിലവിലുള്ള നിരക്കുകൾ (രൂപ/പ്രതിദിനം/ഗുണഭോക്താവ്)	പുതുക്കിയ നിരക്കുകൾ (രൂപ/പ്രതിദിനം/ഗുണഭോക്താവ്)
1	കുട്ടികൾ (6 മാസത്തിനും 2 മാസത്തിനും ഇടയിൽ)	6.00	8.00
2	കടുത്ത പോഷകക്കുറവുള്ള (6 മാസത്തിനും 72 മാസത്തിനും ഇടയിൽ	9.00	12.00
3	ഗർഭിണികൾ, മുലയൂട്ടുന്നവരായ അമ്മമാർ	7.00	9.5

ബാല്യകാല പരിചരണ വിദ്യാഭ്യാസം വികസനം	പരിചരണവും പോഷകങ്ങളെക്കുറിച്ച് കൗൺസലിങ്ങും	ആരോഗ്യ സേവനങ്ങൾ	സമൂഹ സജ്ജീകരണം, ബോധവല്ക്കരണം
ബാല്യകാല പരിചരണ വിദ്യാഭ്യാസം, പ്രീ സ്കൂൾ അനൗപചാരിക വിദ്യാഭ്യാസം	പ്രാഥമിക ശൈശവ/ശൈശവകാല മുലയൂട്ടൽ (IYCF) പ്രോത്സാഹനവും കൗൺസലിങ്ങും	ഇമ്മ്യൂണൈസേഷനും സൂക്ഷ്മ പോഷകങ്ങളുടെ കൂട്ടി ചേർക്കലും	സാമൂഹ്യ വിദ്യാഭ്യാസം-പ്രചരണം IEC
അനുപൂരക പോഷണം	മാതൃശുശ്രൂഷ & കൗൺസലിങ്ങ്	ആരോഗ്യ പരിശോധന	
	പരിചരണം, പോഷകം ആരോഗ്യ-ശുചിത്വ വിദ്യാഭ്യാസം	റഫറൽ സേവനങ്ങൾ	
	സമൂഹാധിഷ്ഠിത പരിചരണവും തൂക്കക്കുറവുള്ള കുട്ടികളുടെ പരിപാലനവും		

ICDS നിർവ്വഹണപ്രക്രിയയും PRIയും

പ്രമേയം	നിലവിലുള്ള ICDS	എങ്ങനെ അത് വ്യത്യസ്തമായി നടപ്പാക്കാം
പഞ്ചായത്തുകളുടെ നേതൃത്വത്തിൽ, വികേന്ദ്രീകൃതമായ ശിശുസൗഹൃദ നിലപാടുമാറ്റം (paradigm shift)	വ്യത്യസ്തങ്ങളായ PRI ചുമതലയോടെയുള്ള ഗ്രാമീണ ഉപഭോക്തൃ സംഘ സമിതികൾ	1. നിർദ്ദിഷ്ട ഗുണഭോക്താക്കളെയും VHSNC അംഗങ്ങളേയും, പഞ്ചായത്ത് അംഗങ്ങൾ അമ്മമാർ ആശവർക്കർമാർ എന്നിവരേയും ഉൾപ്പെടുത്തി അങ്കണവാടി മാനേജ്മെന്റ് കമ്മറ്റിയുടെ രൂപീകരണം.
		2. സംസ്ഥാനത്തിന്റെ നിലവിലുള്ള സാഹചര്യങ്ങളിൽ പൊതുവായ വില്ലേജ് ഹെൽത്ത് സാനിറ്റേഷൻ ആൻഡ് ന്യൂട്രീഷൻ കമ്മറ്റികൾ ICDS മുതൽ PRI കൾവരെയും ULBSമായി ബന്ധപ്പെട്ട് അധികാരങ്ങൾ ഉറപ്പാക്കപ്പെടുന്ന പഞ്ചായത്ത് സബ്കമ്മറ്റികളായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

PRI കളുടെ പങ്ക്

- എല്ലാ പരിപാടികളുടേയും സംയോജിത സമൂഹാധിഷ്ഠിത മോണിറ്ററിങ്ങ് പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത് എല്ലാ തലങ്ങളിലും സഹായിക്കുന്നു. മഹിളാ മണ്ഡലുകൾ രൂപീകരിക്കുന്നതിലും ശക്തിപ്പെടുത്തുന്നതിലും അവർ CDPOയേയും സൂപ്പർവൈസർമാരേയും AWWനേയും സഹായിക്കുകയും അവരിൽ നിന്ന് കുറച്ച് ഫണ്ട് ശേഖരിക്കുകയും ചെയ്യുന്നു.
- കുട്ടികളുടേയും സ്ത്രീകളുടേയും ആവശ്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് അവയ്ക്കായി പ്രാദേശികമായ വഴികൾ കണ്ടെത്തിക്കൊണ്ട് സമൂഹങ്ങളുടെ പങ്കാളിത്തം വളർത്തിക്കൊണ്ട് പ്രധാനപ്പെട്ട പങ്കു വഹിക്കാൻ പഞ്ചായത്തുകൾക്ക് കഴിയുന്നതാണ്.
- ഗ്രാമസഭയുടെ സഹായത്തോടെ വില്ലേജ് തല പഞ്ചായത്തുകൾ അങ്കണവാടി വർക്കറേയും ഹെൽപ്പറേയും തിരഞ്ഞെടുക്കേണ്ടതാണ്.
- ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്താൻ ഗ്രാമസഭ സഹായിക്കേണ്ടതാണ് (കുട്ടികളേയും മുലയൂട്ടുന്ന അമ്മമാരേയും)
- ഗ്രാമത്തിൽത്തന്നെ സ്ഥലം കണ്ടെത്തുകയും എവിടെയാണോ ആവശ്യമെങ്കിൽ അവിടെ ഭക്ഷണം പാകം ചെയ്യുന്നതിന് അങ്കണവാടി വർക്കർക്ക് ആവശ്യമായ സഹായം നൽകുക.
- ഗ്രാമപഞ്ചായത്ത് പ്രത്യേകിച്ചും ആരോഗ്യ പോഷകാഹാര പരിപാടികൾ തമ്മിൽ പരസ്പരം ബന്ധപ്പെട്ട മേഖലകളിൽ ബന്ധം പ്രോത്സാഹിപ്പിക്കണം.
- ICDS കേന്ദ്രങ്ങൾ മുടങ്ങാതെ പ്രവർത്തിക്കുന്നുണ്ടെന്നും ത്രാസ് പോലുള്ള അവശ്യ ഉപകരണങ്ങൾ ലഭ്യമാണെന്നും പഞ്ചായത്ത് ഉറപ്പുവരുത്തണം.
- പൂരകാഹാരം സമയത്ത് ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും അവ സമയത്ത് സേവനങ്ങളിൽ മുടക്കം കൂടാതെ ലഭിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്തിന്റെ സഹായം തേടുകയും ചെയ്യണം.
- പൂരകാഹാരത്തിന്റെ സമയത്തുള്ള വിതരണം/ഉപകരണങ്ങൾ, സ്കീമുകളുടെ നടത്തിപ്പ് അവലോകനം എന്നിവ ഉറപ്പാക്കുക.
- ഫുഡ് ആൻഡ് ന്യൂട്രീഷൻ ബോർഡുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഗ്രാമസഭയുടെ സഹായത്തോടെ ബോധവല്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കണം പ്രത്യേകിച്ചും സ്ത്രീകൾക്ക്.

- പ്രാദേശിക അങ്കണവാടി കേന്ദ്രങ്ങൾക്കൊപ്പവും ആരോഗ്യ സബ് സെന്ററുകളോടൊപ്പം എന്നതുപോലെ അത് സ്വന്തമായ പൊതുസമ്പർക്ക പരിപാടികളിൽ പോഷകാഹാര ബോധവല്ക്കരണം പ്രോത്സാഹിപ്പിക്കണം.
- സേവനങ്ങളുടെ സംയോജനം ഉറപ്പുവരുത്താനായി, കൂടുതൽ മെച്ചപ്പെട്ട ടീംവർക്ക് മുൻനിര പ്രവർത്തകരിൽ നിന്ന് (JPHN, AWWs, സ്കൂൾ ടീച്ചർമാർ) ഉറപ്പ് വരുത്തിക്കൊണ്ട് ശിശുപരിചരണത്തിന് പിന്തുണയേകുന്ന ഒരന്തരീക്ഷം സൃഷ്ടിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയും.
- അങ്കണവാടി കേന്ദ്രങ്ങളെ സജീവമാക്കുന്നതിനായി 3-4 മണിക്കൂർ സമയം പഠനസഹായികൾ ഉപയോഗിച്ചുകൊണ്ട് മുടങ്ങാതെ ECCE പ്രവർത്തനങ്ങൾ നടത്തുന്നത് PRIകൾ മോണിറ്റർ ചെയ്യും.

കിശോരി ശക്തിയോജന

- കൗമാരക്കാരായ പെൺകുട്ടികളെ ശാക്തീകരിക്കാനും അവരെ തങ്ങളുടെ ജീവിതങ്ങളുടെ ചുമതല സ്വയം ഏറ്റെടുക്കുന്നതിന് പ്രാപ്തരാക്കാനും സാധിക്കുംവിധം **കിശോരി ശക്തിയോജന** (KSY) പ്രവർത്തിക്കുന്നു.

ലക്ഷ്യങ്ങൾ

- 11-18 വയസ്സ് വിഭാഗത്തിൽപെടുന്ന പെൺകുട്ടികളുടെ പോഷകാഹാര ആരോഗ്യാവസ്ഥ മെച്ചപ്പെടുത്തുക.
- അനൗപചാരിക വിദ്യാഭ്യാസ രീതിയിലൂടെ ആവശ്യമായ സാക്ഷരതയും എണ്ണാനുള്ള കഴിവും പ്രദാനം ചെയ്യുക, സാമൂഹിക രംഗത്ത് കൂടുതൽ ഇടപെടാനുള്ള ആഗ്രഹം ഉണർത്തുകയും അറിവും നേടാനും തീരുമാനമെടുക്കാനുള്ള കഴിവുകൾ മെച്ചപ്പെടുത്താൻ സഹായിക്കുകയും ചെയ്യുക.
- കൗമാരക്കാരികളെ തങ്ങളുടെ വീടുമായി ബന്ധപ്പെട്ടതും സ്വന്തമായതുമായ പ്രാപ്തികളേയും മെച്ചപ്പെടുത്താൻ/നവീകരിക്കാൻ പരിശീലിപ്പിക്കുകയും അതിന് സജ്ജരാക്കുകയും ചെയ്യുക.
- ആരോഗ്യം, ശുചിത്വം, പോഷകാഹാരം, കുടുംബക്ഷേമം എന്നിവയിൽ അവ ബോധവല്ക്കരണം വളർത്തുക, 18 വയസ്സ് പൂർത്തിയായ ശേഷം മാത്രമേ അവർ വിവാഹം കഴിക്കുന്നുള്ളൂവെന്നും കഴിയുമെങ്കിൽ അതിനുശേഷവും വൈകിമാത്രം വിവാഹം കഴിക്കാനും സഹായകരമായ മാർഗങ്ങൾ അവലംബിക്കുക.
- അവരുടെ പരിതസ്ഥിതികളുമായി ബന്ധപ്പെട്ട സാമൂഹികപ്രശ്നങ്ങളിലും അവയ്ക്ക് അവരുടെ ജീവിതങ്ങളിലുള്ള സ്വാധീനങ്ങളേയും കൂടുതൽ നന്നായി മനസ്സിലാക്കുക.
- നിർമ്മാണാത്മകവും സമൂഹത്തിന് പ്രയോജനകരവുമായ വിവിധ പ്രവർത്തനങ്ങൾ നടത്താൻ കൌമാരക്കാരായ പെൺകുട്ടികളെ പ്രോത്സാഹിപ്പിക്കുക.

ലക്ഷ്യമിടുന്ന വിഭാഗം

- ICDS അടിസ്ഥാന സൌകര്യങ്ങളിലൂടെ കൌമാരക്കാരായ പെൺകുട്ടികൾക്കു വേണ്ടി പ്രത്യേക ഇടപെടൽ.

നിർവ്വഹണ പ്രക്രിയ

കൗമാരക്കാരായ പെൺകുട്ടികളുടെ സ്കീമുകൾ

- സ്കീം 1. പെൺകുട്ടിയിൽ നിന്ന് പെൺകുട്ടിയിലേക്ക് (girls to girls)എന്ന സമീപനം
- സ്കീം 2. ബാലികാ മണ്ഡൽ

○ **സ്കീം** 1 (പെൺകുട്ടിയിൽ നിന്ന് പെൺകുട്ടിയിലേക്ക് എന്ന സമീപനം) 11-15 വയസ്സുകാരായ വിഭാഗക്കാരായ കൌമാരക്കാരായ പെൺകുട്ടികൾക്കായാണ് രൂപം കൊടുത്തിരിക്കുന്നത്. ഇവർ വാർഷിക വരുമാനം 6400/-ൽ കുറഞ്ഞ കുടുംബങ്ങളിൽ നിന്നുള്ളവരായിരിക്കണം - കൗമാര പോഷണ പരിപാടി.

- **സ്കീം 2** (ബാലികാ മണ്ഡൽ) കുടുംബത്തിന്റെ വാർഷിക വരുമാനം കണക്കിലെടുക്കാതെ 11–18 വയസ്സുകാരായ കൌമാരക്കാരായ എല്ലാ പെൺകുട്ടികളേയും ഉദ്ദേശിച്ചുള്ളതാണ്. എങ്കിലും, സ്കീം 2 നു കീഴിലും, 11–15 വയസ്സുള്ള പ്രായം കുറഞ്ഞ, ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികൾക്ക് കണ്ടെത്തൽ പ്രക്രിയയിൽ നിശ്ചയമായും പരിഗണന ലഭിക്കുമെന്ന് പറഞ്ഞുവച്ചിട്ടുണ്ട്.

കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള സ്കീം

- കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുവേണ്ടി MWCD നടപ്പാക്കിയ രണ്ട് പ്രധാന പദ്ധതികൾ, **'കിശോരി ശക്തി യോജന 2000'വും** 'കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായുള്ള പരിപാടി' (NPAG) യും ഒരു പരിധി വരെ കൗമാരക്കാരായ പെൺകുട്ടികളുടെ ജീവിതത്തെ സ്വാധീനിച്ചെങ്കിലും, പ്രതീക്ഷിച്ച ഫലം ഉണ്ടായില്ല. അതിനാൽ, കൗമാരക്കാരായ പെൺകുട്ടികളുടെ ബഹുമുഖ മാനങ്ങളുള്ള പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നവിധം, രണ്ടും സ്കീമുകളേയും ചേർത്ത് ഒരു സമഗ്ര പരിപാടി 'കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള പദ്ധതി' (KSY)എന്ന പേരിൽ ആരംഭിച്ചു.

ലക്ഷ്യങ്ങൾ

- സ്വയം വികാസത്തിനും ശാക്തീകരണത്തിനും AGകളെ തയ്യാറാക്കുക.
- പോഷക, ആരോഗ്യ അവസ്ഥകൾ മെച്ചപ്പെടുത്തുക.
- ആരോഗ്യം, ശുചിത്വം, പോഷകം, ARSH (കൗമാരക്കാരുടെ പ്രത്യുൽപാദനപരവും ലൈംഗികവുമായ ആരോഗ്യം), കുടുംബജീവിത വിദ്യാഭ്യാസം, ശിശു പരിചരണം എന്നിവയിൽ അവബോധം വളർത്തുക, അവരുടെ ഗാർഹിക തലത്തിലുള്ള പ്രാപ്തികൾ, ജീവിതവുമായി ബന്ധപ്പെട്ട കഴിവുകൾ, തൊഴിൽ പ്രാപ്തികൾ എന്നിവ ഉയർത്തുക.
- സ്കൂൾ പഠനം അവസാനിപ്പിച്ച കൗമാര പെൺകുട്ടികളെ ഔപചാരിക, അനൗപചാരിക വിദ്യാഭ്യാസത്തിലേക്ക് നയിക്കുകയും PHC, പോസ്റ്റ് ഓഫീസ്, ബാങ്ക്, പോലീസ് സ്റ്റേഷൻ എന്നിവ പോലുള്ള പൊതുജന സേവനങ്ങളേക്കുറിച്ച് വിവരങ്ങൾ/മാർഗനിർദ്ദേശം നൽകുകയും ചെയ്യുക.

ലക്ഷ്യമിടുന്ന വിഭാഗം

- രാജ്യത്തെ 205 ജില്ലകളിലെ 11–18 വയസ്സ് വിഭാഗക്കാരായ എല്ലാ പെൺകുട്ടികളേയും രണ്ട് വിഭാഗങ്ങളിലായി ഈ പരിപാടി ഉൾപ്പെടുത്തുന്നു:
  - 11–14 വയസ്സ്
  - 14–18 വയസ്സ്

നിർവ്വഹണ പ്രക്രിയ

- സേവനങ്ങൾ നൽകുന്ന മുഖ്യകേന്ദ്രമായ ICDSന്റേയും അങ്കണവാടി കേന്ദ്രത്തിന്റേയും വേദിയിലൂടെയാണ് ഈ സ്കീം നടപ്പാക്കുന്നത്. ICDS പദ്ധതി പ്രദേശത്തിനുള്ളിൽ സൂപ്പർവൈസർമാരോടൊപ്പം ചേർന്ന് ഫീൽഡ് തലത്തിൽ ഈ സ്കീം നടപ്പാക്കുന്നതിന് CDPO–മാർക്കാണ് ചുമതല നൽകിയിരിക്കുന്നത്. ആശയവിനിമയ ശേഷി മെച്ചപ്പെടുത്തുന്നതിനും കൗൺസലിംഗ് ടിപ്പുകൾ വഴി കൗമാരക്കാരെ സജ്ജരാക്കാനും vital സൂചികകളേക്കുറിച്ച് അറിവു നേടുന്നതിന് സഹായിക്കാനും ICDS–ൽ സമൂഹപങ്കാളിത്തം ഉയർത്തികൊണ്ടു വരുന്നതിനും അതിലൂടെ കൗമാരക്കാരുടെ ആകെക്കൂടിയുള്ള സ്ഥിതി മെച്ചപ്പെടുത്താനും സഹായിക്കാനും വിഭാവനം ചെയ്യുന്നതാണ് ഈ സ്കീം.

PRIകളുമായുള്ള ബന്ധം

- കിശോരി ദിവാസിൽ ലക്ഷ്യസമൂഹത്തിലെ അംഗത്തിന്റെ പങ്കാളിത്തം പോലെയുള്ള പ്രോത്സാഹന പ്രവർത്തനങ്ങളിലും സമൂഹ മോണിറ്ററിങ്ങിലും വിവരങ്ങൾ നൽകുന്നതിലും വിദ്യാഭ്യാസ-വിവര വിനിമയ (IEC) പ്രവർത്തനങ്ങളിലും PRIകൾ മുഴുകേണ്ടതാണ്.
- PRI അംഗങ്ങൾ എല്ലാ തലങ്ങളിലുംപെട്ട മോണിറ്ററിങ്ങ് കമ്മറ്റിയിൽ ഭാഗമായിരിക്കും.
- AGകൾക്ക് പര്യാപ്തമായ സൌകര്യങ്ങൾ ഇല്ലെന്ന് AWC കണ്ടെത്തുന്ന മേഖലകളിൽ DPOയും CDPOയും PRI അംഗങ്ങളുമായി ഏകോപനം സ്ഥാപിക്കും. സ്ഥലം എവിടെയായിരിക്കണമെന്ന സ്കൂൾ, പഞ്ചായത്ത് ഭവൻ, കമ്മ്യൂണിറ്റി ഹാൾ അല്ലെങ്കിൽ പോഷകാഹാര സംബന്ധമായിട്ടല്ലാതെ AGകൾക്ക് കൂടിച്ചേരാൻ ലഭിക്കാവുന്ന സ്ഥലം എന്നിവയേക്കുറിച്ച് അവർ ഒരുമിച്ച് തീരുമാനിക്കുകയും ചെയ്യണം.

സംയോജിത ശിശുസംരക്ഷണ പരിപാടി (ICPS)

- പ്രയാസമുള്ള ജീവിത സാഹചര്യങ്ങളിൽ കുട്ടികൾക്ക് സംരക്ഷണം നൽകാനും വിവിധ സന്ദർഭങ്ങളിൽ അപായസാധ്യതയും അതിക്രമങ്ങളിലേക്കു നയിക്കുന്ന പ്രവൃത്തികളും, ചൂഷണം തടയാനും കുട്ടികളെ ഉപേക്ഷിക്കുന്നതും അവരെ വേർപിരിക്കുന്നതും.

ലക്ഷ്യങ്ങൾ

- അവശ്യ സേവനങ്ങളും അടിയന്തിരമായി ലഭിക്കേണ്ടവയ്ക്കായുള്ള ഭൌതികഘടനയേയും ശക്തിപ്പെടുത്തുക, സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന പരിചരണവും സമൂഹാധിഷ്ഠിത പരിചരണവും ദേശീയ, പ്രവിശ്യാ, സംസ്ഥാന ജില്ലാ തലങ്ങളിലെ കൗൺസലിങ്ങും സഹായക സേവനങ്ങളും സ്ഥാപനവല്കൃതമാക്കുക.
- ICPS നു കീഴിൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനായി, ഭരണക്കാർ, സേവനദാതാക്കൾ, പ്രാദേശിക സർക്കാരുകൾ, പോലീസ്, ജുഡീഷ്യറി, സംസ്ഥാന സർക്കാരിന്റെ മറ്റു ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ എന്നിവയുൾപ്പെടെയും അനുബന്ധ ശൃംഖലകൾ എന്നിവയുൾപ്പെടെ എല്ലാ തലങ്ങളിലും പെട്ട എല്ലാ പ്രവർത്തകരുടേയും പ്രാപ്തികൾ വർദ്ധിപ്പിക്കുക.
- ശിശു സംരക്ഷണ സേവനങ്ങളുടെ ഫലപ്രദമായ നിർവ്വഹണത്തിനും മോണിറ്ററിങ്ങിനും വേണ്ടി രാജ്യത്ത് MISഉം ചൈൽഡ് ട്രാക്കിങ്ങ് സിസ്റ്റവും ഉൾപ്പെടെ ഡാറ്റാ ബേസും വിവരങ്ങളും ഉണ്ടാക്കുക.
- ഗവേഷണവും ഡോക്യുമെന്റേഷനും ഏറ്റെടുക്കുക.
- കുടുംബത്തിന്റേയും സമൂഹത്തിന്റേയും തലത്തിൽ ശിശുസംരക്ഷണം ശക്തിപ്പെടുത്തുന്നതിന് vulnerability risk abuse (ഇരയാകേണ്ടിവരൽ, അപകട സാധ്യത, ദുഷിപ്പിക്കൽ) സാഹചര്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാനുള്ള തടയൽ മാർഗങ്ങൾ സൃഷ്ടിക്കുകയും വളർത്തുകയും ചെയ്യുക.
- എല്ലാ തലങ്ങളിലും മേഖലകൾ തമ്മിലുള്ള ഉചിതമായ വിനിമയം ഉറപ്പാക്കുകയും എല്ലാ അനുബന്ധ സ്ഥാപനങ്ങളുമായും ഏകോപനം നടത്തുകയും ശൃംഖലയുണ്ടാക്കുകയും ചെയ്യുക.
- പൊതുജനാവധബോധം ഉയർത്തുന്നതിനായി, കുട്ടികളുടെ അവകാശങ്ങളേയും സാഹചര്യങ്ങളിൽ കുട്ടികളുടേയും കുടുംബങ്ങളുടേയും ആക്രമണവിധേയത്വം (vulnerabilities) ലഭ്യമായ ശിശുസംരക്ഷണ സേവനങ്ങൾ, പരിപാടികൾ, എല്ലാ തലങ്ങളിലുമുള്ള ഘടനകൾ എന്നിവയേക്കുറിച്ച് ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുക.

ലക്ഷ്യമിടുന്ന സമൂഹം

- പരിചരണവും സംരക്ഷണവും ആവശ്യമായ കുട്ടികൾ ജെ ജെ ആക്ടിനു കീഴിൽ നിർവ്വചിക്കപ്പെട്ട നിയമ ലംഘനത്തിൽപെട്ട കുട്ടികൾ, ഇരയായോ, സാക്ഷിയായോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും സാഹചര്യത്തിലോ നിയമനടപടിയുമായി ബന്ധപ്പെട്ട കുട്ടികൾ.

നിർവ്വഹണ പ്രക്രിയ

- ICPS നടപ്പാക്കുന്നത് സംസ്ഥാന ശിശു സംരക്ഷണ സമിതി (SCPS) യും ശിശു സംരക്ഷണ യൂണിറ്റുകളും (DCPU)-യഥാക്രമം സംസ്ഥാന ജില്ലാ തലങ്ങളിൽ അടിസ്ഥാന യൂണിറ്റുകളായി സ്ഥാപിച്ചുകൊണ്ടാണ്.
- സംസ്ഥാന ദത്തെടുക്കൽ ഏജൻസി (SARA) SCPS നു കീഴിലെ ഘടകമായാണ് പ്രവർത്തിക്കുന്നത്. 1860ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിനു കീഴിൽ SCPS രജിസ്റ്റർ ചെയ്യുകയും ഡിപ്പാർട്ടുമെന്റിന്റെ സൂപ്പർവിഷനും നിയന്ത്രണത്തിനും കീഴിൽ സംസ്ഥാനത്തെ/കേന്ദ്ര ഭരണ പ്രദേശത്തെ ശിശുക്ഷേമ/ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് പ്രവർത്തിക്കുന്നു.

പ്രധാൻമന്ത്രി മാതൃവന്ദന യോജന (PMMVY)

- 2013 ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ വകുപ്പുകൾ പ്രകാരം രാജ്യത്തെ എല്ലാ ജില്ലകളിലും നടപ്പാക്കുന്ന മാതൃകാപരമായി പ്രയോജനപ്പെടുന്ന പരിപാടിയാണ് പ്രധാൻമന്ത്രി മാതൃവന്ദന യോജന (PMMVY).
- PMMVYയ്ക്കു കീഴിൽ കുടുംബത്തിലെ ആദ്യത്തെ ശിശുവിന് ജീവിക്കാനായി 5000/- രൂപ ആനുകൂല്യത്തുകയായി ഗർഭിണിയായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടേയും അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കും. മാതാവിന്റേയും ശിശുവിന്റേയും ആരോഗ്യത്തെ സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള പ്രത്യേക ഉപാധികൾ ഇതിനായി നിറവേറ്റേണ്ടതുണ്ട്.

ലക്ഷ്യങ്ങൾ

- വേതനം നഷ്ടമാകുന്നതിന് ഭാഗികമായ നഷ്ടപരിഹാരം നൽകുന്നതു മൂലം ആദ്യത്തെ കുഞ്ഞിനായി സ്ത്രീയ്ക്ക് പ്രസവത്തിന് മുൻപും പിൻപും പര്യാപ്തമായ വിശ്രമം നേടാം.
- ആനുകൂല്യതുക നൽകുന്നത് ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും (PM&LM) ഇടയിൽ മെച്ചപ്പെട്ട ആരോഗ്യസേവനങ്ങൾ തേടുന്നതിനുള്ള മനോഭാവം വളരാനിടയാക്കും.

ലക്ഷ്യമിടുന്ന വിഭാഗം

- കേന്ദ്ര സർക്കാരിലോ, സംസ്ഥാന സർക്കാരുകളിലോ സ്ഥിരം ജോലിയുള്ളവരും തൽസമയത്ത് നിലവിലിരിക്കുന്ന ഏതെങ്കിലും നിയമത്തിനു കീഴിൽ സമാന ആനുകൂല്യങ്ങൾ ലഭിക്കുന്നവരോ ആയ PM&LM ഒഴികെ എല്ലാ ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും.
- തങ്ങളുടെ ആദ്യ ഗർഭം അല്ലെങ്കിൽ കുടുംബത്തിലെ ആദ്യകുഞ്ഞ് 1.01.2017 നോ അല്ലെങ്കിൽ അതിനുശേഷമോ ആയ അർഹരായ എല്ലാ ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും.
- തന്റെ MCP കാർഡിൽ പറഞ്ഞിട്ടുള്ള LMP തിയതിക്ക് അനുസൃതമായി ഗുണഭോക്താവിന്റെ ഗർഭത്തിന്റെ തിയതിയും ഘട്ടവും കണക്കാക്കപ്പെടുന്നതാണ്.
- ഗർഭം അലസൽ(നിർജീവ ശിശുവിന്റെ കാര്യത്തിൽ):
  - ഒരിക്കൽമാത്രമേ, ഒരു ഗുണഭോക്താവിന് ഈ പദ്ധതിയുടെ കീഴിൽ ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളൂ.
  - ഗർഭം അലസൽ/ജീവനില്ലാത്ത ശിശു ജനിക്കൽ എന്നീ കാര്യങ്ങളിൽ ഭാവിയിലുണ്ടാകാവുന്ന ഗർഭത്തിന്റെ സംഗതിയിൽ ഗുണഭോക്താവിന് ബാക്കിയുള്ള തവണ(കൾ) അവകാശപ്പെടാൻ അർഹതയുണ്ടായിരിക്കും.
- **ശിശുമരണം** : ഈ സ്കീമിൽ ഒരിക്കൽ മാത്രമേ ഗുണഭോക്താവിന് ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹതയുണ്ടായിരിക്കൂ. അതായത് PMMVYയ്ക്കു കീഴിൽ മാതാവാകുന്നതിനുള്ള ആനുകൂല്യത്തിന്റെ എല്ലാ തവണകളും അവൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ, ശിശുമരണത്തിന്റെ കാര്യത്തിൽ, ഈ സ്കീമിനു കീഴിലുള്ള ആനുകൂല്യങ്ങൾ അവകാശപ്പെടാനായി അവൾക്ക് അർഹത ഉണ്ടായിരിക്കില്ല.

- PMMVYയ്ക്കു കീഴിലുള്ള ഉപാധികൾ പൂർത്തിയാക്കുന്ന ഗർഭിണികളും മുലയൂട്ടുന്നവരുമായ AWWകൾ/AWHകൾ ആശ എന്നിവർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

നിർവ്വഹണ പ്രക്രിയ

- കേന്ദ്രതലത്തിൽ MWCD മുഖേന ഈ പദ്ധതി നടപ്പിലാക്കപ്പെടുമ്പോൾ, സംസ്ഥാനത്ത്/കേന്ദ്രഭരണ പ്രദേശത്ത് ഇത് WCD/ സാമൂഹികക്ഷേമ വകുപ്പ് അല്ലെങ്കിൽ H&FW ഡിപ്പാർട്ടുമെന്റിലൂടെ നടപ്പാക്കാൻ ബന്ധപ്പെട്ട സംസ്ഥാനത്തിന്/കേന്ദ്രഭരണ പ്രദേശത്തിന് അവസരമുണ്ട്. സ്കീമിന്റെ ഫലപ്രദമായ നിർവ്വഹണത്തിന് ന്യൂഡൽഹിയിൽ ദേശീയതലത്തിൽ PMMVY സെൽ സ്ഥാപിക്കും. ഈ സ്കീം കൈകാര്യം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ സൂപ്പർവിഷന് വിധേയമായിട്ടായിരിക്കും സെൽ പ്രവർത്തിക്കുക.

ഫണ്ടിങ്ങ്

- കേന്ദ്രവും സംസ്ഥാനങ്ങളും/കേന്ദ്രഭരണ പ്രദേശങ്ങളും തമ്മിൽ താഴെ പറയുന്ന ധനവിനിയോഗം പങ്കിടൽ അനുപാതത്തെ അടിസ്ഥാനമാക്കിയാകും ഫണ്ടുകൾ:
  a) എല്ലാ സംസ്ഥാനങ്ങളും/കേന്ദ്രഭരണ പ്രദേശങ്ങൾ(അസംബ്ലിയോടു കൂടിയ)- 60:40
  b) NERഉം ഹിമാലയൻ സംസ്ഥാനങ്ങളും - 90: 10
  c) അസംബ്ലി ഇല്ലാത്ത കേന്ദ്രഭരണ പ്രദേശങ്ങൾ - 100% ഫണ്ടിങ്ങും കേന്ദ്രസർക്കാരിന്റേത്.

വൺസ്റ്റോപ്പ് സെന്റർ(OSC)

- സ്വകാര്യ-പൊതുസ്ഥലങ്ങൾ, കുടുംബത്തിനകത്ത്, സമൂഹത്തിൽ, ജോലി സ്ഥലം എന്നിവിടങ്ങളിൽ അക്രമത്തിന് വിധേയരായ സ്ത്രീകളെ പിന്തുണയ്ക്കാൻ ഉദ്ദേശിച്ചുള്ളതാണ് വൺസ്റ്റോപ്പ് സെന്ററുകൾ.
- ശാരീരികവുമായ ലൈംഗികവും വൈകാരികവും മനശ്ശാസ്ത്രപരവും സാമ്പത്തികവുമായ അധിക്ഷേപം നേരിടുന്ന സ്ത്രീകൾക്ക് പ്രായം, വിഭാഗം, ജാതി, വിദ്യാഭ്യാസ യോഗ്യത, വിവാഹാന്തസ്സ്, വംശം, സംസ്കാരം എന്നിവയൊന്നും കണക്കാക്കാതെ പിന്തുണയും പരിഹാരവും നൽകുക.
- ലൈംഗികാതിക്രണത്തിനായുള്ള ശ്രമം, ലൈംഗികാതിക്രമം, ഗാർഹിക പീഡനം, അഭിമാനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ, അന്ധവിശ്വാസം എന്നിവയുമായി ബന്ധപ്പെട്ട അക്രമങ്ങളിൽ OSCയെ സമീപിച്ചവരോ, റഫർ ചെയ്യപ്പെട്ടവരോ ആയ വിഷമനുഭവിക്കുന്ന സ്ത്രീകൾക്ക് പ്രത്യേകമായ സേവനങ്ങൾ ലഭ്യമാക്കും.

ലക്ഷ്യങ്ങൾ

- സ്വകാര്യ സ്ഥലത്തോ, പൊതുസ്ഥലത്തോ വച്ച് ആക്രമിക്കപ്പെട്ട സ്ത്രീകൾക്ക് സംയോജിത പിന്തുണയും സഹായവും ഒരു മേൽക്കൂരക്കു കീഴിൽ നൽകുക.
- സ്ത്രീകൾക്കെതിരേയുള്ള ഏതു രൂപത്തിലുള്ള അക്രമത്തിനെതിരേയും പോരാടുന്നതിന് വൈദ്യസഹായം, നിയമപരം, മനശ്ശാസ്ത്രപരവും കൗൺസലിങ്ങ് പിന്തുണയും എന്നിങ്ങനെ ഒരു കൂട്ടം സേവനങ്ങൾ ഒരു കുടക്കീഴിലാക്കി പെട്ടെന്ന്, അടിയന്തിരം, അടിയന്തിര സ്വഭാവമില്ലാത്തപ്പോഴും പ്രാപ്യമാക്കും.

ലക്ഷ്യമിടുന്ന സമൂഹം

- ആക്രമിക്കപ്പെട്ട 18വയസ്സിനു താഴെയുള്ള പെൺകുട്ടികളുൾപ്പെടെ എല്ലാ സ്ത്രീകളേയും ജാതി, വർഗം, മതം, പ്രദേശം, ലിംഗപരമായ വൈവാഹികാവസ്ഥ എന്നിവ പരിഗണിക്കാതെ OSC പിന്തുണയും

ഫണ്ടിന്റെ സ്രോതസ്സുകൾ

- നിർഭയ ഫണ്ട് മുഖേനയാണ് ഈ സ്കീമിന് ഫണ്ട് നൽകുന്നത്. സ്കീമിനു കീഴിൽ 100% സാമ്പത്തിക സഹായവും കേന്ദ്രസർക്കാർ നൽകും. നിർവ്വഹണപരവും ഭരണപരവുമായ ദൈനംദിന കാര്യങ്ങൾ ജില്ലാകളക്ടറുടെ/ജില്ലാ മജിസ്ട്രേട്ടിന്റെ ചുമതലയായിരിക്കും.
- വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പങ്ക്
- MWCD യ്ക്കു കീഴിലെ സംസ്ഥാന ജില്ലാ/ഗ്രാമതലങ്ങളിലെ സ്ഥാപനങ്ങൾ (ICPS, NIPCCD, CSWB, സംസ്ഥാന വനിതാ കമ്മീഷൻ മുതലായവ) OSC യേക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സ്ത്രീകൾക്കെതിരേയുള്ള അതിക്രമങ്ങളിൽ ഗ്രാമതലത്തിൽ ഈ പ്രവർത്തനങ്ങളുടെ മുൻനിര പ്രവർത്തക അങ്കണവാടി വർക്കറായിരിക്കും (AWW).

II. ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം

- ദേശീയ ആരോഗ്യമിഷൻ (NHM) ലക്ഷ്യമിടുന്നത് തുല്യതയും താങ്ങാനാവുന്നതും ഗുണമേന്മയുള്ളതുമായ ആരോഗ്യ പരിചരണ സേവനങ്ങളെയാണ്. ഇത് നഷ്ടോത്തര വാദിത്വമുള്ളതും ജനങ്ങളുടെ ആവശ്യത്തിന് പ്രയോജനകരവും ആരോഗ്യത്തിന്റെ കൂടുതൽ വിശാലമായ സാമൂഹിക നിർണായ ഘടകങ്ങളെ അഭിമുഖീകരിക്കാനായി വിവിധ മേഖലകളെ തമ്മിൽ സംയോജിപ്പിക്കാൻ ഫലപ്രദമായിരിക്കുകയും വേണം.
- ദേശീയ ആരോഗ്യമിഷൻ (NHM) രണ്ട് ഉപദൗത്യങ്ങൾ ഉൾക്കൊള്ളുന്നു.
  - ദേശീയ ഗ്രാമീണ ആരോഗ്യമിഷനും (NHRM)
  - ദേശീയ നഗര ആരോഗ്യമിഷനും (NUHM)
- NHMനു കീഴിൽ സംസ്ഥാനങ്ങൾക്ക്/കേന്ദ്രഭരണ പ്രദേശങ്ങൾക്ക് 5 മുഖ്യ പരിപാടി ഘടകങ്ങൾ നൽകുന്നു.
  - ദേശീയ ഗ്രാമീണ ആരോഗ്യമിഷനും (NHRM), ദേശീയ നഗര ആരോഗ്യമിഷനും (NUHM) കീഴിൽ അടിസ്ഥാന സൗകര്യങ്ങൾ, മാനവ വിഭവശേഷി, ഔഷധങ്ങളും ഉപകരണങ്ങളും, ആംബുലൻസ്, MMUകൾ, ആശ മുതലായവ ആരോഗ്യ സമ്പ്രദായ രൂപങ്ങളുടെ ശക്തിപ്പെടുത്തൽ.
  - പ്രത്യുല്പാദനപരം, മാതൃ സംബന്ധം, നവജാത ശിശു, കുട്ടി, കൗമാര ആരോഗ്യ സേവനങ്ങൾ RMNCHTA)
  - പകർച്ച വ്യാധി നിയന്ത്രണ പരിപാടി
  - ജില്ലാ ആശുപത്രി വരെ, പകരാത്ത രോഗങ്ങളുടെ നിയന്ത്രണ പരിപാടിയിൽ ഇടപെടൽ.
  - ANMകൾ LHVകൾ മുതലായവരുടെ വേതനത്തെ പിന്താങ്ങാനുള്ള അടിസ്ഥാന സൗകര്യ പരിപാലനം.

ലക്ഷ്യങ്ങൾ

- കുട്ടികളുടേയും അമ്മമാരുടേയും മരണ നിരക്ക് കുറയ്ക്കുക.
- പ്രാദേശിക രോഗങ്ങൾ ഉൾപ്പെടെ പകർച്ചവ്യാധികളുടേയും പകർച്ചേതര രോഗങ്ങളുടേയും തടയലും നിയന്ത്രണവും.
- സംയോജിത, സമഗ്ര പ്രാഥമികാരോഗ്യ കേന്ദ്രത്തെ പ്രാപ്യമാക്കൽ.
- ജനസംഖ്യ, , ലിംഗാനുപാതം, സുസ്ഥിരത, ഭൂമിശാസ്ത്രപരവുമായ സംതുലനാവസ്ഥ.
- പ്രാദേശിക ആരോഗ്യ പാരമ്പര്യങ്ങളും മുഖ്യധാരയിലെ ആയുഷ് (AYUSH) സമ്പ്രദായങ്ങളും പ്രചരിപ്പിക്കൽ.
- ആഹാരവും പോഷകവും, ശുചിത്വവും വൃത്തിയും എന്നി പൊതുസേവനങ്ങളുടെ വ്യാപകമായ പ്രാപ്യത. സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യവും സമഗ്രമായ ഇമ്മ്യൂണൈസേഷനും നടത്തുന്ന

സേവനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പൊതു ആരോഗ്യ പരിചരണ സേവനങ്ങൾക്ക് സമ്പൂർണ പ്രാപ്യത.

- ആരോഗ്യകരമായ ജീവിതശൈലികൾ പ്രോത്സാഹിപ്പിക്കുക.

ജനനി സുരക്ഷാ യോജന (JSY)

- ദേശീയ ഗ്രാമീണ ആരോഗ്യ മിഷനു (NRHM) കീഴിൽ സുരക്ഷിതമായ മാതൃത്വ ഇടപെടലാണ് ജനനി സുരക്ഷാ യോജന (JSSY)

ലക്ഷ്യങ്ങൾ

- JSSYയുടെ പ്രധാന ലക്ഷ്യങ്ങൾ
  - മൊത്തത്തിലുള്ള മാതൃമരണ നിരക്ക് അനുപാതവും ശിശു മരണ നിരക്ക് അനുപാതവും കുറയ്ക്കുക.
  - ദരിദ്രരായ ഗർഭിണികൾക്കിടയിൽ ആശുപത്രികളിൽ പ്രവേശിപ്പിച്ചുള്ള പ്രസവങ്ങൾ വർദ്ധിപ്പിക്കുക.

ലക്ഷ്യമിടുന്ന സമൂഹം

- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപെട്ട എല്ലാ ഗർഭിണികളും.

നിർവ്വഹണ പ്രക്രിയ

- ആശുപത്രികളിൽ പ്രവേശിപ്പിച്ച് പ്രസവം നടത്താനായി JSYയ്ക്കു കീഴിൽ ധനസഹായം നൽകുകയാണ് പ്രധാന നിർവ്വഹണ തന്ത്രം. എങ്കിലും, താഴെ പറയുന്ന നിർവ്വഹണ പ്രക്രിയ പിൻതുടരേണ്ടത് ഇതിനാവശ്യമാണ്.
  - ആശ അല്ലെങ്കിൽ തത്തുല്യമായ പ്രവർത്തകർ, ASHA, AWW/ മറ്റ് ഏതെങ്കിലും അംഗീകരിക്കപ്പെട്ട ബന്ധം എന്നിങ്ങനെയുള്ള ഗ്രാമതല ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ ഗുണഭോക്താക്കളുടെ മുൻകൂട്ടിയുള്ള രജിസ്ട്രേഷൻ.
  - ഓരോ ഗുണഭോക്താവും കുറഞ്ഞത് മൂന്നു പ്രാവശ്യത്തെ പരിചരണത്തിനും പ്രസവാനന്തര ശുശ്രൂഷാ സന്ദർശനങ്ങൾക്കും അർഹയാണ്.
  - അനുയോജ്യമായ റഫറൽ സംവിധാനമൊരുക്കൽ, റഫറൽ ഗതാഗത സൗകര്യം ഗർഭിണിക്ക് നൽകുക.
  - ശക്തമായ വിധം അങ്കണവാടി വർക്കറെ (AWW) പങ്കു കൊള്ളിച്ച് സംയോജിത ശിശു വികസന സേവനങ്ങളു (ICDS) മായി കൂട്ടിച്ചേർക്കുക.
  - ANM ൽ നിന്ന് ലഭ്യമായിട്ടുള്ള ഫണ്ട് ഉപയോഗിച്ച് മാതാവിന് യഥാസമയം സുതാര്യമായ സാമ്പത്തിക സഹായ വിതരണം ഉറപ്പാക്കുകയും അംഗീകൃത (Accredited) ആരോഗ്യ പ്രവർത്തകരോ (ASHA) അല്ലെങ്കിൽ തുല്യനിലയിലുള്ള പ്രവർത്തകയ്ക്കോ ഇൻസെന്റീവ് നൽകുക.

PRI കളുടെ പങ്ക്

- പഞ്ചായത്തുകളും പ്രാദേശിക ഭരണസമിതികളും അർഹതയുള്ള ദരിദ്രരായ ഗർഭിണി ഈ സ്കീമിൽ നിന്ന് ബിപിഎൽ സർട്ടിഫിക്കറ്റ് നൽകി പ്രക്രിയയിൽ ഫലപ്രദമായി പങ്കുകൊള്ളണം.

പ്രധാൻ മന്ത്രി സുരക്ഷിത് മാതൃത്വ അഭിയാൻ (PMSMA)

- PMSMA ഗർഭിണികൾക്ക് തങ്ങളുടെ ഗർഭാവസ്ഥയുടെ 2/3ഓരോ മാസത്തിന്റേയും 9 ദിവസം പ്രസവപൂർവ്വ(Antenate) പരിചരണ സേവനം അംഗീകൃത സർക്കാർ ആരോഗ്യ സൗകര്യങ്ങൾ പ്രകാരം ലഭിക്കുന്ന ഒരു മിനിമം പാക്കേജ് ഉറപ്പ് ചെയ്യുന്നു.

- സർക്കാർ ആരോഗ്യ സേവനങ്ങളിലെ പദ്ധതിയെ പങ്കു കൊള്ളുന്നതിന് സ്വകാര്യ ചികിത്സകരെ പ്രേരിപ്പിക്കുന്നതുൾപ്പെടെ സ്വകാര്യ മേഖലയെ ഇടപെടുവിക്കുന്ന ഒരു ക്രമബദ്ധമായ സമീപനം ഈ പരിപാടി പിൻതുടരുന്നു.

ലക്ഷ്യങ്ങൾ

- എല്ലാ ഗർഭിണികൾക്കും തങ്ങളുടെ രണ്ടാമത്തേയോ, മൂന്നാമത്തേയോ trimesterൽ ഒരു ഫിസിഷ്യന്റേയോ, വിദഗ്ധന്റെയോ പരിശോധന ഉറപ്പാക്കുകയും antenatal visit സമയത്തെ പരിചരണത്തിന്റെ മേന്മ മെച്ചപ്പെടുത്തുകയും ചെയ്യുക. ഇത് താഴെ പറയുന്ന സേവനങ്ങളുടെ ലഭ്യതയും ഉറപ്പ് വരുത്തുന്നു.
- ആവശ്യമായ എല്ലാ പരിശോധന സേവനങ്ങളും നിർദ്ദിഷ്ട ക്ലിനിക്കൽ അവസ്ഥകളിൽ സ്ക്രീനിങ്ങും, അനീമിയ, ഗർഭാവസ്ഥ മൂലമുണ്ടാകുന്ന ഹൈപ്പർടെൻഷൻ, പ്രമേഹം മുതലായ രോഗാവസ്ഥകളുടെ ഉചിതമായ പരിചരണവും.
- ഉചിതമായ കൗൺസലിങ്ങ് സേവനങ്ങളും നൽകിയ സേവനങ്ങളുടെ ശരിയായ ഡോക്യുമെന്റേഷനും.
- ante-natal സന്ദർശനങ്ങൾ ലഭിക്കാതെ പോയ ഗർഭിണികൾക്ക് സേവനം/പ്രസവശുശ്രൂഷ (obstetric)/വൈദ്യ ചരിത്രവും നിലവിലുള്ള ക്ലിനിക്കൽ ഉപാധികളും വെച്ച് ഉയർന്ന അപകട സാധ്യതയുള്ള ഗർഭാവസ്ഥകളുടെ പട്ടികയുണ്ടാക്കൽ.
- ജനനം ഓരോ ഗർഭിണിയെ സംബന്ധിച്ചും, പ്രത്യേകിച്ച് ഏതെങ്കിലും വിഷമഘടകമോ co-morbid conditionനേ തിരിച്ചറിഞ്ഞവരെക്കുറിച്ച് ഗുരുതരാവസ്ഥക്കായി തയ്യാറെടുക്കൽ. നേരത്തേകൂട്ടിയുള്ള ഡയഗ്നോസിസിന് ഊന്നൽ നൽകി, പോഷകക്കുറവും പ്രത്യേക പരിചരണവും ആവശ്യമുള്ള സ്ത്രീകളുടെ പര്യാപ്തവും ഉചിതവുമായ പരിപാലനം.

ലക്ഷ്യമിടുന്ന വിഭാഗം

- 2ാമത്തെ അല്ലെങ്കിൽ 3ാമത്തെ trimester-ൽ ഉള്ള എല്ലാ ഗർഭിണികളും അർഹരാണ്.

മുൻനിര പ്രവർത്തകരുടെ പങ്ക്

- ഗർഭിണികളും അവരുടെ ഭർത്താക്കന്മാരും അമ്മായിഅമ്മമാരേയും ഉൾപ്പെടുത്തി ANC പരിശോധനയുടെ പ്രാധാന്യം ബോധ്യപ്പെടുത്താനായി ASHA പഞ്ചായത്തുകൾ, VHSNC അംഗങ്ങൾ, സ്വയം സഹായ സംഘങ്ങളുമായി ചേർന്ന് മീറ്റിങ്ങുകൾ നടത്തും.
- PMSMA കേന്ദ്രങ്ങളിൽ അവശ്യം വേണ്ട ഡയഗ്നോസ്റ്റിക് & ചികിത്സ നൽകുന്ന മെഡിക്കൽ ഓഫിസേഴ്സിന്റെ ANC പരിശോധനയെക്കുറിച്ച് അവർ വിവരങ്ങൾ പ്രചരിപ്പിക്കും.

PRIകളുടെ പങ്ക്

അങ്കണവാടി വർക്കർമാരേപ്പോലുള്ള മറ്റു ഗ്രാമതല പ്രവർത്തകരോടൊപ്പം PRI അംഗങ്ങൾക്കുടി സമൂഹസജ്ജീകരണത്തിൽ പങ്കുചേരുന്നതാണ്.

ജനനി ശിശു സുരക്ഷാ കാര്യക്രമം (JSSK)

- 2011 ജൂൺ 1നാണ് JSSK ആരംഭിച്ചത്. പ്രസവത്തിന് സർക്കാർ ആരോഗ്യ സൗകര്യങ്ങൾ ഉപയോഗിക്കുന്ന ഗർഭിണികൾക്ക് സേവനം നൽകുന്നതിനാണിത്.

ലക്ഷ്യങ്ങൾ

- സർക്കാർ ആരോഗ്യ സൗകര്യങ്ങൾ അവലംബിക്കുന്ന 1-2 കോടിയിലേറെ ഗർഭിണികൾക്ക് പ്രയോജനത്തിനാണ് ഇത്.
- വീടുകളിൽത്തന്നെ പ്രസവിക്കാൻ താല്പര്യപ്പെടുന്നവരെ സ്ഥാപനങ്ങളിൽ ചെന്ന് പ്രസവം തെരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നതിന്.
- ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും സൗജന്യ അവകാശങ്ങൾ നൽകുക.

ലക്ഷ്യമിടുന്ന വിഭാഗം.

- പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ പ്രസവിക്കുന്ന എല്ലാ ഗർഭിണികൾക്കും സൗജന്യമായ ചെലവില്ലാത്ത പ്രസവം ഒരുക്കുക, സിസേറിയൻ വിഭാഗം ഉൾപ്പെടെ.



നിർവ്വഹണ പ്രക്രിയ

- ആരോഗ്യ, കുടുംബക്ഷേമ മന്ത്രാലയം (MoHFW) , ഗ്രാമീണ മേഖലകളിലേയും നഗരപ്രദേശങ്ങളിലേയും ആരോഗ്യസ്ഥാപനങ്ങളിൽ ഗർഭിണികൾക്കും (സുഖപ്രസവങ്ങളും സിസേറിയൻ ശസ്ത്രക്രിയകളും ഉൾപ്പെടെ) രോഗികളായ നവജാത ശിശുക്കൾക്കും (ജനനത്തിനു ശേഷം 30 ദിവസം വരെ) പൂർണമായും സൗജന്യവും പണം നൽകേണ്ടതുമായ സേവനങ്ങൾ നൽകുന്നതിനായി എല്ലാ സംസ്ഥാനങ്ങളുടേയും ഭാഗത്തു നിന്ന് സമവായമുണ്ടാക്കുന്നതിനുള്ള ഒരു വലിയ മുൻകൈ സ്വീകരിക്കുകയുണ്ടായി.

മാ (MAA-Mother's Absolute Affection)

- ആരോഗ്യ സംവിധാനത്തിലൂടെ മുലയൂട്ടുന്നത് പിന്തുണയ്ക്കാനായുള്ള ദേശവ്യാപകമായ പരിപാടിയാണ് **'മാ'** (MAA- അമ്മയുടെ അളവറ്റ വാത്സല്യം). മുലയൂട്ടൽ പ്രോത്സാഹനത്തിനും കൌൺസലിങ്ങ് സേവനങ്ങൾ നൽകുന്നതിലും കലർപ്പില്ലാത്ത ശ്രദ്ധ നൽകാനാണിത്.
- മുലയൂട്ടുന്ന അമ്മയ്ക്ക് മുലയൂട്ടൽ സുഗമമാക്കുന്നതിന് കുടുംബാഗങ്ങളിൽ നിന്നും ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ പിന്തുണ വ്യക്തമാക്കുന്നതിനാണ് **"മാ-(MAA)"** എന്ന് പേരിട്ടിരിക്കുന്നത്.
- സബ് സെന്ററുകളിലൂടെയും പ്രസവ കേന്ദ്രങ്ങളിലൂടെയും ആശമാരുടെ പങ്കാളിത്തത്തോടെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി നടത്തുന്ന വ്യാപകമായ മുലയൂട്ടൽ പ്രോത്സാഹന ക്യാമ്പയിനാണ് **'മാ'**.

ലക്ഷ്യങ്ങൾ

- ആവശ്യം വേണ്ട മുലയൂട്ടൽ ശീലത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി, ഗർഭിണികളും മുലയൂട്ടുന്നവരുമായ അമ്മമാരേയും കുടുംബാഗങ്ങളേയും സമൂഹത്തേയും ലക്ഷ്യമിട്ട് ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മുലയൂട്ടലിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുക.
- കുഞ്ഞുങ്ങളുടെ നിലനില്പിനും വികാസത്തിനുമുള്ള പ്രധാനപ്പെട്ട ഇടപെടലായി മുലയൂട്ടലിനെ കാണുക.
- പരിശീലനം ലഭിച്ച ആരോഗ്യ പരിചരണ ദാതാക്കളിലൂടെയും പ്രാപ്തരായ സമൂഹ ആരോഗ്യ പ്രവർത്തകരിലൂടെയും പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ മുലയൂട്ടൽ പിന്തുണാ സേവനങ്ങൾ സ്ഥാപിക്കുക.
- മുലയൂട്ടൽ പരിപാലനത്തിന് അനുയോജ്യമായ നടപടികളോടൊപ്പം ഉയർന്ന മുലയൂട്ടൽ നിരക്ക് കാണിക്കുന്ന ആരോഗ്യ സ്ഥാപനങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുകയും അംഗീകരിക്കുകയും ചെയ്യുക.

രാഷ്ട്രീയ കിശോർ സ്വാസ്ഥ്യ കാര്യക്രമം (RKSY)

- 2014 ജനുവരി 7നാണ് രാഷ്ട്രീയ കിശോർ സ്വാസ്ഥ്യ കാര്യക്രം (RKSY) ആരംഭിച്ചത്.
- മറ്റു മേഖലകളും stake holders മായി ചേർന്ന് കൗമാരക്കാരുടെ പങ്കാളിത്തവും നേതൃത്വവും, തുല്യതയും ഉൾച്ചേരലും , ലിംഗനീതി തുല്യതയും തന്ത്രപരമായ കൂട്ടുകെട്ടുകളുമാണ് ഈ പരിപാടിയുടെ മുഖ്യതത്വം.
- ഇന്ത്യയിലെ എല്ലാ കൗമാരക്കാരും തങ്ങളുടെ ആരോഗ്യത്തേയും ജീവിത നിലവാരത്തേയും സംബന്ധിച്ച ഉത്തരവാദിത്വ പൂർണമായ വിവരങ്ങൾ ലഭിക്കുകയും അങ്ങനെയാകാൻ ആവശ്യമായ സേവനങ്ങളും പിന്തുണയും പ്രാപ്യമാകുകയും ചെയ്ത്, തങ്ങളുടെ പൂർണശേഷി തിരിച്ചറിയണമെന്നാണ് ഈ പരിപാടി ലക്ഷ്യമിടുന്നത്.

ലക്ഷ്യങ്ങൾ

- പോഷകം മെച്ചപ്പെടുത്തുക
- ലൈംഗികവും പ്രത്യുത്പാദനപരമായ ആരോഗ്യം മെച്ചപ്പെടുത്തുക.
- മാനസികാരോഗ്യം വർദ്ധിപ്പിക്കുക.
- അപായങ്ങളും അക്രമങ്ങളും തടയുക

ലക്ഷ്യമിടുന്ന സമൂഹം

- 10-19 വയസ്സ് വിഭാഗത്തിൽപെടുന്ന കൗമാരക്കാർ

ദേശീയ ഇരുമ്പുസത്ത് മുൻകൈ

- ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും അയേൺ ഡെഫിഷ്യൻസിയെ നേരിടാനുള്ള പരിശ്രമമാണ്.

ലക്ഷ്യം

- ആരോഗ്യകരമായ ഭക്ഷണം കഴിക്കുന്നതിന് IFA പൂർണവും ബോധവൽക്കരണവും

ലക്ഷ്യമിടുന്ന സമൂഹം

- 6മാസം മുതൽ 5 വയസ്സുവരെയുള്ള പ്രീ സ്കൂൾ കുട്ടികൾക്ക് രണ്ടാഴ്ച തോറും പൂരക അയേൺ.
- സർക്കാർ & സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 5വരെ ഗ്രേഡുകളിലെ കുട്ടികൾക്ക് ആഴ്ചതോറും പൂരകം.
- അങ്കണവാടി കേന്ദ്രങ്ങളിലെ സ്കൂളിൽ പോകാത്ത കുട്ടികൾക്ക് (5-10 വയസ്സ്) ആഴ്ച തോറും പൂരകം.

- കൗമാരക്കാർക്ക് (10-19 വയസ്സ്) ആഴ്ചതോറും പൂരകം.
- ഗർഭിണികളും മുലയൂട്ടുന്നവരുമായ സ്ത്രീകൾ.
- പ്രത്യുൽപാദന പ്രായക്കാരായ സ്ത്രീകൾക്ക് ആഴ്ചതോറും പൂരകം.

മിഷൻ ഇന്ദ്രധനുഷ്

- ഓരോ വർഷവും 5ശതമാനമോ അതിൽ കൂടുതലോ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് ഇമ്മ്യൂണൈസേഷൻ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി ഭാരത സർക്കാരിന്റെ ആരോഗ്യ, കുടുംബക്ഷേമ മന്ത്രാലയം മിഷൻ ഇന്ദ്രധനുഷിന് 2014 ഡിസംബർ 25ന് തുടക്കം കുറിച്ചു.
- 2020 - ഓടെ മുഴുവൻ പേരേയും പരിധിയിൽ കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെയാണ് മിഷൻ ഇന്ദ്രധനുഷ് രൂപപ്പെടുത്തിയിട്ടുള്ളത്.

ലക്ഷ്യങ്ങൾ

- വാക്സിനേഷൻ നടത്താത്തവരോ, ഭാഗികമായി മാത്രം നടത്തിയിട്ടുള്ളവരോ ആയ എല്ലാ കുട്ടികളേയും 2020-ഓടെ പരിധിയിൽ കൊണ്ടുവരിക.
- രാജ്യമാകെയുള്ള കുട്ടികൾക്ക് സൌജന്യമായി ജീവൻ രക്ഷാ വാക്സിനുകൾ ക്ഷയം, ഡിഫ്തീരിയ, പെർട്ടുസിസ്, ടെറ്റനസ്, പോളിയോ, ഹെപ്പറ്റൈറ്റിസ് ബി, ഹിമോഫിലസ് ഇൻഫ്ലുവൻസ ടൈപ് ബി(Hib)മൂലമുള്ള ന്യൂമോണിയവും മെനിഞ്ചൈറ്റിസും, അഞ്ചാംപനി, റുബേല്ല, ജാപ്പനീസ് എൻസൈഫൈലിറ്റിസ് (JE) റൊറ്റാവൈറസ് ഡയേറിയ (റുബെല്ല, ജെ.ഇ-റൊറ്റാവൈറസ് വാക്സിനുകൾ തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിലും ജില്ലകളിലും)

ആഴ്ചതോറുമുള്ള അയേൺ ഫോളിക് ആസിഡ് പൂരകം (WIFS)

- IFAകളുടെ ingestion സൂപ്പർവൈസ് ചെയ്താൽ വർഷത്തിൽ രണ്ടു തവണയുള്ള വിരവിമുക്തമാക്കലിലൂടെയും(deworming), കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഇടയിൽ കണ്ടുവരുന്ന വിളർച്ചാരോഗത്തിന്, തെളിവുകളുടെ അടിസ്ഥാനത്തിലുള്ള പദ്ധതി പരിഹാരമെന്ന നിലയ്ക്കാണ് ആഴ്ചതോറുമുള്ള അയേൺഫോളിക് ആസിഡ് പൂരകം.
- സ്കൂൾ പഠനം നടത്താവരോടൊപ്പം, എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലും പേരു ചേർത്തിട്ടുള്ള 6 ക്ലാസ്സ് 12 വരെയുള്ള കൗമാരക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഗുണകരമാക്കിക്കൊണ്ടാണ് ഈ പരിപാടി ആവിഷ്കരിച്ചിട്ടുള്ളത്.

ലക്ഷ്യങ്ങൾ

- കൗമാരക്കാരിൽ ജനത (10-19 വയസ്സ്)യിൽ കാണപ്പെടുന്ന വിളർച്ചാ രോഗത്തിന്റെ സാന്നിദ്ധ്യവും കാഠിന്യവും കുറയ്ക്കുക.

ലക്ഷ്യം വയ്ക്കുന്ന വിഭാഗം

- സർക്കാർ/സർക്കാർ എയ്ഡഡ്/മുനിസിപ്പൽ സ്കൂളുകളിൽ പേരു ചേർത്തിട്ടുള്ള 6 മുതൽ 12 വരെ ക്ലാസ്സുകളിലെ സ്കൂളിൽ പോകുന്ന കൗമാരക്കാരായ ആൺകുട്ടികളും പെൺകുട്ടികളും.
- കൗമാരക്കാരായ സ്കൂളിൽ പോകുന്നവരല്ലാത്ത പെൺകുട്ടികൾ

ഇടപെടൽ

- ആഴ്ചയിൽ ഒരു ദിവസം എന്ന സമീപനത്തിലൂടെ ആഴ്ചതോറുമുള്ള 100 mg elemental iron ഉം 500 mg ഫോളിക് ആസിഡും പൂരകമായി നൽകുന്നത്.

- ശരാശരി/കടുത്ത വിളർച്ചാരോഗമുള്ള വിഭാഗങ്ങളെ സ്ക്രീൻ ചെയ്യുകയും അനുയോജ്യമായ ആരോഗ്യസ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യുകയും.
- Helminthic infestation നിയന്ത്രിക്കുന്നതിന് ആദ്യമാസം ഇടവിട്ട് വർഷത്തിൽ രണ്ടുപ്രാവശ്യം deworming നടത്തുക. കുടലിലെ വിരബാധ തടയുന്നതിന് ഗുണമേന്മയുള്ള ആഹാരം കഴിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി വിവരങ്ങൾ നൽകുകയും കൗൺസലിങ് നടത്തുകയും.

സംയോജനം

- WIFS പരിപാടികളുടെ നിർവ്വഹണം പദ്ധതിയിൽ അവിഭാജ്യഘടകമാണ് വനിതാ, ശിശു വികസന മന്ത്രാലയം മാനവവിഭവ ശേഷി വികസന മന്ത്രാലയം എന്നിവ പോലുള്ള പ്രധാന മന്ത്രാലയങ്ങളുടെ സംയോജനം.
- മുഖ്യ സംയോജന മേഖലകളിൽ പെടുന്നവ:
  സംയുക്ത പദ്ധതി ആസൂത്രണം, മെഡിക്കൽ ഓഫീസർമാർ, അങ്കണവാടി വർക്കർ (AWW) , സ്റ്റാഫ് നഴ്സുമാർ, സ്കൂൾ ടീച്ചർമാർ എന്നിവരുൾപ്പെടെയുള്ള nodal സേവനദാതാക്കളുടെ പ്രാപ്തി നിർമ്മാണവും മോണിറ്ററിങ്ങും സമഗ്രമായ ആശയവിനിമയ ഘടകവും.

III. മാനവ വിഭവശേഷി വികസന മന്ത്രാലയം

സർവ്വശിക്ഷാ അഭിയാനും ഉച്ചഭക്ഷണ പരിപാടിയും

- സർവ്വർക്കും പ്രാപ്യമായതും നിലനില്ക്കുന്നതും വിദ്യാഭ്യാസത്തിലെ ലിംഗനീതി പ്രശ്നങ്ങളും തടയുന്നതും കുട്ടികളുടെ പഠന നിലവാരം വർദ്ധിപ്പിക്കുന്നതും ലക്ഷ്യങ്ങളാക്കിക്കൊണ്ട് പ്രാഥമിക വിദ്യാഭ്യാസം സർവ്വ വ്യാപിയാക്കുന്നതിനാണ് ഇന്ത്യയുടെ മുഖ്യപരിപാടിയായി സർവശിക്ഷാ അഭിയാൻ (SSA) നടപ്പാക്കിയത്.

ലക്ഷ്യങ്ങൾ

- സ്കൂൾ വിദ്യാഭ്യാസ ഗ്യാരന്റി കേന്ദ്രം, ബദൽ വിദ്യാലയം back-to സ്കൂൾ ക്യാമ്പ് എന്നിവിടങ്ങളിലായി മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തുക.
- അഞ്ചു വർഷത്തെ പ്രൈമറി സ്കൂൾ പഠനം പൂർത്തിയാക്കിയ എല്ലാ കുട്ടികളും
- പ്രൈമറി ഘട്ടത്തിലും എലിമെന്ററി വിദ്യാഭ്യാസ തലത്തിലും എല്ലാത്തരം ലിംഗസാമൂഹിക ഭേദങ്ങളും നിവാരണം ചെയ്യുകയും സർവ്വതലസ്പർശിയായി നിലനിർത്തുകയും ചെയ്യുക.

ലക്ഷ്യമിടുന്ന സമൂഹം

- 6-14 വയസ്സ് വിഭാഗത്തിൽപെടുന്ന എല്ലാ കുട്ടികളും

PRI കളുടെ പങ്ക്

- സ്കൂൾ കെട്ടിടത്തിന് സ്ഥലം കണ്ടെത്തലും നിർമ്മാണവും.
- പോഷകാഹാര പരിപാടികൾ സംഘടിപ്പിക്കൽ
- ഭക്ഷ്യധാന്യങ്ങളുടെ വിതരണവും കൊണ്ടുവരലും
- പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുക
- കൊഴിഞ്ഞുപോയ കുട്ടികളെ തിരികെ കൊണ്ടുവരിക.

ഉച്ചഭക്ഷണ പരിപാടി

രാജ്യവ്യാപകമായി, സ്കൂൾ പ്രായക്കാരായ കുട്ടികളുടെ പോഷകാഹാര നില മെച്ചപ്പെടുത്താനായി ഭാരത സർക്കാർ രൂപം കൊടുക്കുകയും 2013ലെ ഭക്ഷ്യസുരക്ഷാ നിയമത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ള സ്കൂൾ ഭക്ഷണ പദ്ധതിയാണ് ഉച്ചഭക്ഷണ പരിപാടി.

MDMSന്റെ ലക്ഷ്യങ്ങൾ

രണ്ട് നിർണായക പ്രശ്നങ്ങളായ വിശപ്പ്, വിദ്യാഭ്യാസം എന്നിവയെ നേരിടുന്നതിനായി

- സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകൾ, സ്പെഷൽ ട്രെയിനിങ്ങ് സെന്ററുകൾ, സർവശിക്ഷാ അഭിയാനിനു കീഴിൽ മദ്രസകളിലും മഖ്താബ്സിലും പഠിക്കുന്ന I–VIII ക്ലാസ്സുകളിലെ കുട്ടികളുടെ പോഷക നിലവാരം മെച്ചപ്പെടുത്തുക.
- പിന്നോക്ക വിഭാഗങ്ങളിൽ പെടുന്ന ദരിദ്രരായ കുട്ടികളെ കൃത്യമായി സ്കൂളിൽ വരുന്നതിന് പ്രോത്സാഹിപ്പിക്കുകയും പഠനത്തിൽ ശ്രദ്ധ പുലർത്താൻ സഹായിക്കുകയും ചെയ്യുക.
- വേനലവധിക്കാലത്ത്, വരൾച്ച ബാധിത പ്രദേശങ്ങളിലെ എലിമെന്ററി വിഭാഗത്തിൽപെടുന്ന കുട്ടികൾക്ക് പോഷകാഹാര പിന്തുണ നൽകുക.

കസ്തൂർബ ഗാന്ധി ബാലിക വിദ്യാലയ (KGBV)

- പെൺകുട്ടികൾക്ക്, SC,ST, OBC, ന്യൂനപക്ഷ സമുദായങ്ങളിൽപെട്ടവർക്കായി അപ്പർ പ്രൈമറി തലത്തിൽ റെസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിന് 2004 ജൂലൈയിൽ തുടക്കം കുറിച്ച പരിപാടിയാണ് കസ്തൂർബ ഗാന്ധി ബാലിക വിദ്യാലയ (KGBY).
- സ്ത്രീ സാക്ഷരത ദേശീയ ശരാശരിയേക്കാൾ കുറവും സാക്ഷരതയിലെ ലിംഗ വ്യത്യാസം ദേശീയ ശരാശരിയേക്കാൾ കൂടുതലുമായ, രാജ്യത്തെ വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന ബ്ലോക്കുകളിലാണ് ഈ പരിപാടി നടപ്പാക്കിയത്.
- SC, ST, OBC അല്ലെങ്കിൽ ന്യൂനപക്ഷ സമുദായങ്ങളിൽപെട്ട പെൺകുട്ടികൾക്കായി കുറഞ്ഞത് 75% സ്ഥാപനങ്ങൾ ഈ പദ്ധതിയിൽ സംവരണം ചെയ്തു നൽകുന്നു. ബാക്കി 25% –ൽ 27 സംസ്ഥാനങ്ങളിൽ നിന്ന്/കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുള്ള, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള (BPL) പെൺകുട്ടികൾക്ക് മുൻഗണന ലഭിക്കുന്നതാണ്.

ലക്ഷ്യങ്ങൾ

- എലിമെന്ററി തലത്തിൽ ബോഡിങ്ങ് സൗകര്യങ്ങളോടുകൂടിയ റെസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിച്ച്, സമൂഹത്തിലെ പിന്നോക്കാവസ്ഥയിലുള്ള വിഭാഗങ്ങളിൽപെടുന്ന പെൺകുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രാപ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.

ലക്ഷ്യമിടുന്ന വിഭാഗം

- സ്കൂളിൽ പഠിക്കാത്ത എസ്.സി, എസ്.ടി, ഓബിസി, ന്യൂനപക്ഷ ജനവിഭാഗങ്ങളും / അല്ലെങ്കിൽ ഭൂരിപക്ഷം വരുന്ന പെൺകുട്ടികൾ
- ആദിവാസി ജനതയും/അല്ലെങ്കിൽ സ്കൂളിൽ പോകാത്ത ഭൂരിപക്ഷം വരുന്ന പെൺകുട്ടികൾ.
- സ്കൂൾ സ്ഥാപിക്കുന്നതിന് യോഗ്യത നേടാനാകാത്ത ഭൂരിപക്ഷ സംഖ്യ, ചെറുതും, ചിതറിക്കിടക്കുന്നതുമായ വാസസ്ഥലങ്ങൾ.
- കുറഞ്ഞ സ്ത്രീ സാക്ഷരതയുള്ള പ്രദേശങ്ങൾ.

PRI കളുടെ പങ്ക്

- ഫോക്കസ് ഗ്രൂപ്പിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/വിജ്ഞാന പ്രതിനിധി അംഗമാണെന്ന് ഉറപ്പുവരുത്തുക.
- സമൂഹ സജ്ജമാക്കൽ മുൻകൈകൾ നടപ്പാക്കുക.
- സ്കൂളിൽ പഠിക്കുന്നവരല്ലാത്ത കുട്ടികൾ/കൊഴിഞ്ഞു പോയവർ/ന്യൂനപക്ഷത്തിൽപെട്ട പെൺകുട്ടികൾ ഇവരെ കണ്ടെത്തി മുഖ്യധാരയിലെത്തിക്കാൻ ഗ്രാമത്തിൽ enrolment drive നടത്തുക.

IV **സാമൂഹ്യ നീതി**– ശാക്തീകരണ മന്ത്രാലയം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സ്കീം (ADIP സ്കീം).

- ➢ ഭാരത സർക്കാരിന്റെ സാമൂഹിക നീതി & ശാക്തീകരണ മന്ത്രാലയത്തിന്റെ പ്രധാനപ്പെട്ട മുൻകൈകളിൽ ഒന്നാണ് ADIP സ്കീം. ശാരീരിക വെല്ലുവിളികൾ നേരിടുന്ന അർഹരായ വ്യക്തിക്ക് ഈടുറ്റതും ശാസ്ത്രീയമായി നിർമ്മിച്ചതും, ആധുനികവും നിലവാരമുള്ളതുമായ എയ്ഡുകളും (aids) ഉപകരണങ്ങളും ഇതു മുഖേന വാങ്ങാവുന്നതാണ്. ശാരീരികവും സാമൂഹികവും മനശാസ്ത്രപരമായ പുനരധിവാസത്തിനും അവരുടെ വെല്ലുവിളികളുടെ പ്രശ്നങ്ങൾ കുറയ്ക്കുന്നതിനും അതേസമയം തന്നെ അവരുടെ സാമ്പത്തികശേഷി വർദ്ധിപ്പിക്കുന്നതിനുമാണിത്.
- ➢ കേന്ദ്ര സർക്കാർ സ്പോൺസർ ചെയ്യുന്ന സ്കീമാണിത്.

ലക്ഷ്യമിടുന്ന സമൂഹം

- ➢ താഴെ പറയുന്ന അവസ്ഥയിലുള്ള വെല്ലുവിളികൾ നേരിടുന്ന വ്യക്തിയാണ് ADIP സ്കീമിൽ സഹായം ലഭിക്കാൻ അർഹമാകുക.
  - 40% ശാരീരിക വെല്ലുവിളി നേരിടുന്നതായുള്ള സാക്ഷ്യപത്രം കൈവശമുള്ള, ഏതു പ്രായത്തിലും പെട്ട ഇന്ത്യൻ പൗരൻ.
  - പ്രതിമാസം 20,000/– രൂപയിൽ കൂടാത്ത വരുമാനം (എല്ലാ സ്രോതസുകളിൽ നിന്നുമായി).
  - ആശ്രിതരുടെ കാര്യത്തിൽ, മാതാപിതാക്കളുടെ/രക്ഷിതാക്കളുടെ വരുമാനം പ്രതിമാസം 20,000 രൂപയിൽ കൂടരുത്.
  - കഴിഞ്ഞ 3 വർഷത്തിനിടെ അതേ ആവശ്യത്തിന് മറ്റ് ഒരു സ്രോതസ്സിൽ നിന്നും സഹായം കിട്ടിയിരിക്കാൻ പാടില്ല. എങ്കിലും 12 വയസ്സിൽ താഴെയുള്ള കുട്ടികളെ സംബന്ധിച്ച് ഈ പരിധി ഒരു വർഷമായിരിക്കും.

PRI കളുടെ പങ്ക്

- ○ അർഹരായവരെ കണ്ടെത്താൻ പ്രത്യേക മാർഗങ്ങൾ സ്വീകരിക്കുക.
- ○ സഹായങ്ങളുടേയും ഉപകരണങ്ങളുടേയും നിശ്ചിത കാലയളവിലുള്ള ആവർത്തനത്തിന് അപേക്ഷിക്കാൻ അർഹരായവരെ പ്രോത്സാഹിപ്പിക്കുക.
- ○ സഹായവിതരണം തടസ്സപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കാൻ സ്ഥാപനതലത്തിൽ മോണിറ്ററിങ് സംവിധാനം. വൈകുകയോ, തടസ്സപ്പെടുകയോ ചെയ്താൽ പരിഹാരമാർഗങ്ങൾ കൈക്കൊള്ളുക.

V. കുടിവെള്ള -ശുചിത്വ മന്ത്രാലയം

സ്വച്ഛ ഭാരത് മിഷൻ

- 2019-ഓടെ വൃത്തിയുള്ള ഇന്ത്യയെ സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ടുള്ള ബൃഹത്തായ ബഹുജന പ്രസ്ഥാനമായ സ്വച്ഛഭാരത് മിഷൻ 2014 ഒക്ടോബർ 2 ന് തുടക്കം കുറിച്ചു.
- മിഷന് രണ്ട് ഉപമിഷനുകളുണ്ട്. സ്വച്ഛ ഭാരത് മിഷൻ (ഗ്രാമീൺ)ഉം സ്വച്ഛഭാരത് മിഷൻ (നഗരം)ഉം. മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തിന് സമുചിതമായ ആദരമെന്ന നിലയ്ക്ക് 2019ഓടെ സ്വച്ഛഭാരത് സാക്ഷാത്ക്കരിക്കാനും ഗ്രാമപ്രദേശങ്ങളിൽ വൃത്തിയുടെ അളവ് മെച്ചപ്പെടുത്താനും.

ലക്ഷ്യങ്ങൾ

സ്വച്ഛ ഭാരത് മിഷൻ (ഗ്രാമീൺ)

- 2019 ഒക്ടോബർ 2ഓടെ സ്വച്ഛഭാരതത്തിന്റെ ലക്ഷ്യം നേടാൻ ഗ്രാമീണ മേഖലകളിൽ ശുചിത്വ സൗകര്യം വർദ്ധിപ്പിക്കുക.
- വൃത്തിയും വെടിപ്പും വളർത്തിയും തുറസ്സായ ഇടങ്ങളിലെ മലവിസർജ്ജനം നിർമ്മാർജ്ജനം ചെയ്ത് ഗ്രാമീണ മേഖലകളിലെ ജീവിതത്തിന്റെ പൊതുനിലവാരം മെച്ചപ്പെടുത്തുക.
- ഗ്രാമീണ മേഖലകളിലെ പൊതുവായ വൃത്തിക്കായി ശാസ്ത്രീയമായ ഖര-ദ്രവ മാലിന്യ സംസ്കരണ യൂണിറ്റുകൾ മുഖേന സമൂഹം തന്നെ ഏറ്റെടുത്തു നടത്തുന്ന ശുചിത്വ സംവിധാനം ആവശ്യമായ സ്ഥലങ്ങളിൽ വികസിപ്പിക്കുക.
- പാരിസ്ഥിതികമായി സുരക്ഷിതവും സുസ്ഥിരവുമായ ശുചിത്വ പദ്ധതികൾക്ക് ചെലവ് കുറഞ്ഞവയും അനുയോജ്യവുമായ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുക.
- ബോധവൽക്കരണം സൃഷ്ടിക്കുന്നതിലൂടെയും ആരോഗ്യ വിദ്യാഭ്യാസത്തിലൂടെയും സമൂഹങ്ങളേയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളേയും സുസ്ഥിരമായ ശുചിത്വ ശീലങ്ങൾ അവലംബിക്കാൻ പ്രേരിപ്പിക്കുക.

സ്വച്ഛഭാരത് മിഷൻ (നഗരം)

- തുറസ്സായ ഇടങ്ങളിലെ മലവിസർജ്ജനം ഇല്ലാതാക്കുക (ODF).
- തോട്ടിപ്പണി നിർമ്മാർജ്ജനം
- ആധുനികവും ശാസ്ത്രീയവുമായ മുനിസിപ്പൽ ഖരമാലിന്യ സംസ്കരണം.
- ആരോഗ്യകരമായ ശുചിത്വ ശീലങ്ങൾ സംബന്ധിച്ച് പെരുമാറ്റ ശീലങ്ങളിൽ മാറ്റം വരുത്തുക.
- ശുചിത്വത്തേക്കുറിച്ചും പൊതുജനാരോഗ്യവുമായ അതിനുള്ള ബന്ധത്തേക്കുറിച്ചും അവബോധം ജനിപ്പിക്കുക.
- ULBകളുടെ പ്രാപ്തി വികസനം.
- കാപെക്സിലും (capital expenditure) ഒപെക്സിലും (operation and maintenance) സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തിന് അനുകൂല്യമായ അന്തരീക്ഷം സൃഷ്ടിക്കുക.

നിർവ്വഹണ പ്രക്രിയ

- SBM (G) ന്റെ നിർവ്വഹണം ജില്ല അടിസ്ഥാന യൂണിറ്റായും ODF ഗ്രാമപഞ്ചായത്തുകൾ സൃഷ്ടിക്കണമെന്ന ലക്ഷ്യത്തോടെയുമാണ്. ജില്ലാ കളക്ടർമാർ/മജിസ്ട്രേട്ടുമാർ/ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാർ മിഷന് നേതൃത്വം നൽകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. അങ്ങനെയെങ്കിൽ അത് ജില്ലയിൽ വ്യാപകമായി മിഷൻ ആസൂത്രണം ചെയ്യുന്നതിനും പരമാവധി പ്രയോജനം സൃഷ്ടിക്കുന്നതിനും സഹായകരമാകും.

ഫണ്ടിങ്ങ്

- കേന്ദ്രവും സംസ്ഥാനവും തമ്മിൽ 75:25 അനുപാതത്തിലായിരിക്കും പങ്കിടൽ
- പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ആയ ഒരു പങ്ക് നിർവ്വഹിക്കാൻ കഴിയും. ഗ്രാമപഞ്ചായത്തിലൂടെ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വരവ് നീക്കുന്നതിന് സംസ്ഥാനങ്ങൾക്ക് തീരുമാനിക്കാനാകും. ഗ്രാമപഞ്ചായത്തിന്റെ ചട്ടക്കൂടിനുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും കമ്മറ്റികളും തങ്ങളുടെ പരിപാടികളിൽ ശുചിത്വത്തിന് മുൻകൈ നല്കേണ്ടതാണ്.
- ODF ഗ്രാമങ്ങളോടുള്ള സമഗ്രം സമീപനത്തിൽ വില്ലേജ് ആൻഡ് വാട്ടർ സാനിറ്റേഷൻ കമ്മറ്റി (VWSC) നിർണായക പങ്ക് വഹിക്കുന്നു. VMSCയുടെ അംഗത്വത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഓരോ വാർഡിൽ നിന്നും പ്രാതിനിധ്യം ഉണ്ടാകണം. 50 ശതമാനം അംഗങ്ങൾ സ്ത്രീകളായിരിക്കണം.
- ഓരോ ഗ്രാമത്തിനും ഗ്രാമപഞ്ചായത്തിലെ VWSCക്കും പ്രത്യേക അക്കൗണ്ടുകൾ തുടങ്ങണം. ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരിക്കും ഓരോ VWSCയുടേയും ചെയർപേഴ്സൺ. VWSC/GPയുടെ അക്കൗണ്ടിലൂടെയായിരിക്കണം സ്വച്ഛ്ഭാരത് ഫണ്ടുകൾ തിരിച്ചുവിടേണ്ടത്.
- ഈ അക്കൌണ്ട് സോഷ്യൽ ഓഡിറ്റ് ഉൾപ്പെടെ കാലാകാലങ്ങളിൽ നടത്തുന്ന ഓഡിറ്റുകൾക്ക് വിധേയമായിരിക്കും.
- ഗ്രാമപഞ്ചായത്തുകളും VWSCകളും തങ്ങളുടെ ഗ്രാമപഞ്ചായത്തുകൾ ODF ആക്കാനും എത്രയും നേരത്തേ സ്വച്ഛമാക്കാനും പരിശ്രമിക്കണം. അത്തരം ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാനങ്ങൾ അംഗീകരിക്കുകയും അവാർഡുകൾ നൽകുകയും ചെയ്യണം.
- പ്രാദേശിക സർക്കാരുകളുടെ പങ്കാളിത്തം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും, പ്രാദേശിക സാഹചര്യങ്ങൾ അടിസ്ഥാനമാക്കി പദ്ധതിയുടെ നിർവ്വഹണ രീതി (methodology) എന്തായിരിക്കണമെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം സംസ്ഥാന ജില്ലാ തലങ്ങളിൽ ഉണ്ടായിരിക്കണം.

VII ഗ്രാമവികസന മന്ത്രാലയം

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപദ്ധതി (MGNREGA)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) എന്നുകൂടി അറിയപ്പെടുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (MGNREGA) 2006 ആഗസ്റ്റ് 25 ന് പാസാക്കപ്പെട്ട ഇന്ത്യൻ നിയമമാണ്.

- നിയമപരമായ മിനിമം വേതനത്തിൽ പൊതു സംബന്ധമായ അവിദഗ്ധ തൊഴിൽ ചെയ്യാൻ തയ്യാറുള്ള, ഗ്രാമീണ കുടുംബത്തിലെ ഏതു മുതിർന്ന അംഗത്തിനും ഓരോ സാമ്പത്തിക വർഷവും 100 ദിവസത്തെ തൊഴിൽ നിയമപരമായി ഉറപ്പ നൽകുന്നു.
- ഭാരത സർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയം (MRD) സംസ്ഥാന സർക്കാരുകളോടൊപ്പം ഈ പരിപാടിയുടെ പൂർണമായ നിർവ്വഹണം മോണിറ്റർ ചെയ്യുന്നു.

ലക്ഷ്യങ്ങൾ

- പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യ ശമ്പളം ലഭിക്കും
- കുറഞ്ഞത് മൂന്നിൽ ഒന്ന് ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കണം
- കുടിവെള്ളം, തണൽ എന്നീ തൊഴിൽ സ്ഥല സൗകര്യങ്ങൾ നൽകിയിരിക്കണം.

ലക്ഷ്യമിടുന്ന സമൂഹം

- കുറഞ്ഞത് നൂറ്റിഅൻപത് ദിവസത്തെ തൊഴിലുറപ്പ് വേതനം നൽകിക്കൊണ്ട് ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളുടെ ഉപജീവന സുരക്ഷ

നിർവ്വഹണ പ്രക്രിയ

- അവിദഗ്ധ തൊഴിൽ ചെയ്യാൻ തയ്യാറുള്ള ഗ്രാമപ്രദേശങ്ങളിലെ മുതിർന്ന അംഗങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ രേഖാമൂലമോ, വാക്കാലോ രജിസ്റ്റർ ചെയ്യാൻ അപേക്ഷിക്കാവുന്നതാണ്.
- ആവശ്യമായ പരിശോധനയ്ക്കുശേഷം ഗ്രാമപഞ്ചായത്ത് തൊഴിൽ കാർഡ് വിതരണം ചെയ്യുന്നു. അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് നൽകേണ്ടതാണ്.
- തൊഴിൽ ആവശ്യമായ സമയവും ജോലിയുടെ ദൈർഘ്യവും വ്യക്തമാക്കിക്കൊണ്ടുള്ള എഴുതിയ അപേക്ഷ കാർഡുടമ ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിരിക്കണം. കുറഞ്ഞത് 14 ദിവസത്തേക്കായിരിക്കണം തൊഴിൽ
- 15 ദിവസത്തിനുള്ള തൊഴിൽ നൽകാമെന്ന ഉറപ്പോടെ ഗ്രാമപഞ്ചായത്ത് തൊഴിലിനുള്ള എഴുതിയ അപേക്ഷയ്ക്ക് തിയതി വച്ച രസീത് നൽകണം. അല്ലാത്തപക്ഷം സംസ്ഥാനങ്ങൾക്ക് തൊഴിലില്ലായ്മ അലവൻസ് ദിവസം തോറും നൽകേണ്ടതാണ്.
- സാധാരണഗതിയിൽ ഗ്രാമത്തിന്റെ 5 കി.മീറ്ററിന് അപ്പുറമാണെങ്കിൽ, ഗതാഗത - ജീവിതച്ചെലവുകൾക്കായി 10 ശതമാനം അധിക വേതനം നൽകേണ്ടതാണ്.
- 1948ലെ സംസ്ഥാന കാർഷികത്തൊഴിലാളികൾക്കുള്ള മിനിമം വേജസ് ആക്ട് 1948 പ്രകാരമായിരിക്കണം വേതനം നൽകേണ്ടത് അല്ലാത്തപക്ഷം കേന്ദ്രം 60 രൂപ (യു എസ് 1–34) യിൽ കുറയാത്ത വേതന നിരക്ക് പ്രതിദിനം പ്രഖ്യാപിക്കണം. പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യ വേതനം നൽകേണ്ടതാണ്.
- ഫീസ് നിരക്ക് അല്ലെങ്കിൽ ദിവസ നിരക്ക് പ്രകാരമായിരിക്കണം വേതനം നൽകേണ്ടത് ആഴ്ചതോറുമാണ്. ഒരു കാരണവശാലും ഇത് 15 ദിവസത്തിനപ്പുറം പോകരുത്.
- സ്കീമുകളിൽ രജിസ്റ്റർ ചെയ്തവരിലും തൊഴിലിന് അപേക്ഷിച്ചവരിലും മൂന്നിൽ ഒന്ന് സ്ത്രീകളായിരിക്കണം.
- ക്രെഷ്, കുടിവെള്ളം, തണൽ എന്നിങ്ങനെയുള്ള തൊഴിലിട സൌകര്യങ്ങൾ നൽകിയിരിക്കണം.
- ഗ്രാമത്തിന് ആവശ്യമായ പദ്ധതികളുടെ നിർദ്ദേശങ്ങൾ ഗ്രാമസഭ ശുപാർശ ചെയ്യേണ്ടതും ജില്ലാപഞ്ചായത്ത് അംഗീകരിക്കേണ്ടതുമാണ്.
- കുറഞ്ഞത് 50% പ്രവൃത്തികൾ നിർവ്വഹണത്തിന് ഗ്രാമപഞ്ചായത്തിനെ ഏല്പിച്ചിരിക്കണം.
- മണ്ണ്–ജലസംരക്ഷണം, വനവല്ക്കരണം, ഭൂവികസനം എന്നിവയാണ് അനുവദിക്കപ്പെട്ട് പ്രവൃത്തികൾ പ്രധാനം.
- 60:40 നിരക്കിലുള്ള വേതനം മെറ്റീരിയൽസ് അനുപാതം അവലംബിച്ചിരിക്കണം. കരാറുകാരെയെ, യന്ത്രങ്ങളോ അനുവദിച്ചുകൂടാ.
- പ്രതികരണ ക്ഷമമായ നിർവ്വഹണ പ്രക്രിയ ഉറപ്പാക്കുന്നതിന് പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കണം.
- സ്കീമുമായി ബന്ധപ്പെട്ട കണക്കുകളും രേഖകളും സോഷ്യൽ ഓഡിറ്റിംഗിന് ലഭ്യമാക്കേണ്ടതാണ്.

ഫണ്ടിങ്ങ്

- വേതനം നൽകുന്നതിന്റെ തുകയും മെറ്റീരിയൽ തുകയുടെ നാലിൽ മൂന്നും ഭരണച്ചെലവിന്റെ ഏതാനും ശതമാനവും കേന്ദ്ര ഗവണ്മെന്റ് വഹിക്കുന്നതാണ്.

PRI കളുടെ പങ്ക്

- ഗ്രാമസഭകളാണ് പ്രവൃത്തികൾ കണ്ടെത്തേണ്ടത്.
- ഗ്രാമസഭയുടെ ശുപാർശകൾ സംഗ്രഹിക്കേണ്ടതും പ്രോഗ്രാം ഓഫീസർക്ക് അയക്കേണ്ടതും ഗ്രാമപഞ്ചായത്തുകളാണ്.
- പ്രവൃത്തി ആസൂത്രണം, തൊഴിൽ ലഭിക്കാൻ അർഹതയുള്ള കുടുംബങ്ങളുടെ രജിസ്ട്രേഷൻ, തൊഴിൽ കാർഡുകളുടെ വിതരണം, തൊഴിൽ അനുവദിക്കൽ, 50% പ്രവൃത്തികളുടെ നടത്തിപ്പ്, ഗ്രാമതലത്തിൽ സ്കീമുകളുടെ നിർവ്വഹണം എന്നി ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്.
- ഗ്രാമസഭയാണ് സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണ്.
- പ്രവൃത്തികളുടെ അളവും സങ്കീർണതകളും വച്ചു നോക്കുമ്പോൾ MGNREGAയുടെ നിർവ്വഹണം ഗ്രാമപഞ്ചായത്ത് തലത്തിൽ ഗണനീയമായ സംഘാടക ചുമതല ഉണ്ടാക്കുന്നതാണ്.
- എവിടെ, എപ്പോൾ തൊഴിലിന് ഹാജരാകണമെന്ന് GP പ്രോഗ്രാം ഓഫീസർ അപേക്ഷകരെ അറിയിക്കാൻ ബാധ്യസ്ഥരായത്. ഗ്രാമപഞ്ചായത്തിലും പ്രോഗ്രാം ഓഫീസറുടെ ഓഫീസിലും (ബ്ലോക്ക്) പ്രദർശിപ്പിക്കുന്ന അറിയിപ്പ് തൊഴിൽ നൽകുന്നവരുടെ പേര്, സ്ഥലം, തിയതി എന്നീ വിവരങ്ങൾ അടങ്ങുന്നതാകണം.
- ഗ്രാമസഭയിൽ MGNREGA യുടെ സോഷ്യൽ ഓഡിറ്റ് ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുക.

ദേശീയ സാമൂഹിക സഹായ പരിപാടി (National Social Assistance Scheme)

- 1995 ആഗസ്റ്റ് 15ന് നിലവിൽ വന്ന ദേശീയ സാമൂഹിക സഹായ പരിപാടി (NSAP), ഭരണഘടനയുടെ ആർട്ടിക്കിൾ 41ലെ നിർദ്ദേശക തത്വങ്ങളുടെ പൂർത്തീകരണത്തിനായുള്ള പ്രധാനമായ ഒരു ചുവടുവെപ്പിനെ പ്രതിനിധാനം ചെയ്യുന്നു.

ലക്ഷ്യങ്ങൾ

- സംസ്ഥാനങ്ങൾ നിലവിൽ നൽകുന്നതോ, ഭാവിയിൽ നൽകിയേക്കാവുന്നതോ ആയവ കൂടാതെ, ദരിദ്രർക്കായി സാമൂഹിക സഹായത്തിന്റെ മിനിമം ദേശീയ നിലവാരം ഉറപ്പാക്കുകയാണ് NSAP ചെയ്യുന്നത്.
- NSAPയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത് ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ സ്കീം(IGNOAPS), ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ (IGNWPS), ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ സ്കീം (IGNDPS), ദേശീയ കുടുംബ ആനുകൂല്യ സ്കീം (NFBS), അന്നപൂർണ എന്നിവയാണ്.
- വാർദ്ധക്യ കാലത്തും അദ്ധ്വാനിക്കുന്നയാളുടെ മരണത്തിലും മാതൃത്വകാലത്തും ദരിദ്ര കുടുംബങ്ങൾക്ക് സാമൂഹിക സഹായം നൽകുന്നതിലൂടെ, സാമൂഹിക സഹായത്തിന്റെ മിനിമം ദേശീയ നിലവാരം ഉറപ്പാക്കുകയാണ് NSAP ലക്ഷ്യമിടുന്നത്. ഇത് സംസ്ഥാനങ്ങൾ നിലവിൽ നൽകുന്നതോ ഭാവിയിൽ നൽകിയേക്കാവുന്നതോ ആയവ കൂടാതെയായിരിക്കും.

ലക്ഷ്യമിടുന്ന വിഭാഗം

- തന്റെ തന്നെ വരുമാന സ്രോതസ്സിൽ നിന്നോ അല്ലെങ്കിൽ കുടുംബാഗങ്ങളുടെ സാമ്പത്തിക സഹായത്തിലൂടെയോ അല്ലെങ്കിൽ മറ്റു സ്രോതസ്സുകളിൽ നിന്നോ കുറച്ചോ അല്ലെങ്കിൽ ക്രമമായ അതിജീവന മാർഗ്ഗങ്ങളില്ലാതെ വരുന്ന, സംസ്ഥാനങ്ങളോ കേന്ദ്ര ഭരണ പ്രദേശങ്ങളോ (UT) കണ്ടെത്തുന്ന ഏതു വ്യക്തിയും.

നിർവ്വഹണ പ്രക്രിയ

- NSAP യുടെ എല്ലാ ഘടകങ്ങൾക്കും അനുസൃതമായ പൊതു ഉപാധികളോടെയും അതോടൊപ്പം ഓരോ ഘടകത്തിനും ബാധകമായ പ്രത്യേക ഉപാധികൾ അനുസരിച്ചുമാണ് NSAP സംസ്ഥാനങ്ങളിലും/UTകളിലും നടപ്പാക്കുന്നത്. സംസ്ഥാനങ്ങളിലെ സാമൂഹിക ക്ഷേമ വകുപ്പുകൾ വഴിയാണ് NSAP സ്കീമുകൾ നടപ്പാക്കുന്നത്. എന്നാൽ ആന്ധ്രാപ്രദേശ്, അസം, ഗോവ, മേഘാലയ, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ ഗ്രാമവികസന വകുപ്പ് വഴിയും ഒറീസയിലും പുതുച്ചേരിയിലും വനിതാ-ശിശുവികസന വകുപ്പ് വഴിയും കർണാടകത്തിലും തമിഴ്നാട്ടിലും റവന്യൂവകുപ്പ് വഴിയും ജാർഖണ്ഡിൽ തൊഴിൽ & പരിശീലന വകുപ്പ് മുഖേനയുമാണ് NSAP നടപ്പാക്കുന്നത്. ഗ്രാമങ്ങളിലും നഗരപ്രദേശങ്ങളിലും NSAP നടപ്പാക്കിവരുന്നു.

PRI കളുടെ പങ്ക്

- ആനുകൂല്യങ്ങൾ ലഭിക്കാനുള്ള അർഹതാ സഹായത്തിന്റെ തോത്, പാലിക്കേണ്ട നടപടികൾ എന്നിവ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കുക.
- ഭരണപരമായ സജ്ജീകരണങ്ങൾ: ജില്ലാ തലത്തിൽ സ്കീമിന്റെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിനോ അതിനു തുല്യമായ സമിതിക്കോ ആയിരിക്കണം ഏല്പിക്കേണ്ടത്. പ്രാദേശിക തലത്തിൽ പഞ്ചായത്ത് /മുനിസിപ്പാലിറ്റിയായിരിക്കും പരിപാടി നടപ്പാക്കുക. ഈ സ്കീം നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ചെറുതാണെന്ന് വന്നാൽ, സംസ്ഥാനത്തിന് ഈ ചുമതല ബ്ലോക്ക് പഞ്ചായത്തിനെ ഏല്പിക്കാം. അത്തരം കേസുകളിൽ, ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് , സൂപ്പർ വിഷൻ, മോണിറ്ററിങ്ങ് എന്നീ വ്യക്തമായ പങ്കുകൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം. സംസ്ഥാന/UT തല, ജില്ലാതലം പഞ്ചായത്ത്/മുനിസിപ്പാലിറ്റി തല ഭരണച്ചുമതലകൾ താഴെ പറയുന്നു.

ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലം.

- ആനുകൂല്യങ്ങൾ ലഭിക്കാനായുള്ള നടപടി ക്രമങ്ങളേക്കുറിച്ച് NSAP യെസംബന്ധിച്ച വിവരങ്ങൾ പ്രചരിപ്പിക്കുക. ഈ ചുമതലയിൽ സന്നദ്ധ സംഘടനകൾ, SHG കൾ, ASHA വർക്കർമാർ, അങ്കണവാടി വർക്കർമാർ മുതലായവരെ സജീവമായി ഉൾപ്പെടുത്താവുന്നതാണ്.
- സമയക്രമമനുസരിച്ച് അവലോകനങ്ങൾ, ചർച്ചകൾ ഗ്രാമപഞ്ചായത്ത്/വാർഡ് തല യോഗങ്ങളിൽ നടത്തേണ്ടതാണ്.
- NLM ന്റെ അല്ലെങ്കിൽ NRLM ന്റെ SHG കൾ നിലവിലുള്ളിടങ്ങളിൽ, ഗുണഭോക്താക്കളെ കണ്ടെത്താൻ അവരെ സജീവമായി പങ്കെടുപ്പിക്കണം.
- ഗ്രാമപഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ NSAP യുടെ എല്ലാ സ്കീമുകളിലും ഗുണഭോക്താക്കളെ കണ്ടെത്താൻ സജീവ പങ്ക് വഹിക്കണം.
- ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ആധാരമാക്കേണ്ടത് (എ) സ്ഥാനാർത്ഥിയുടെ അപേക്ഷ അല്ലെങ്കിൽ (ബി) ഗ്രാമപഞ്ചായത്തിന്റെ /മുൻസിപ്പാലിറ്റിയുടെ പട്ടിക അല്ലെങ്കിൽ (സി) മറ്റ് ഏതെങ്കിലും വിശ്വസനീയമാ അധികാര സ്ഥാപനം. എല്ലാത്തിലും അപേക്ഷാ ഫോറം പൂരിപ്പിച്ചിരിക്കണം. എങ്കിലും അവരുടെ സാഹചര്യം കണക്കിലെടുത്ത്, ഗുണഭോക്താവിന്റെ മേൽ കുറഞ്ഞ ഭാരമേ ചെലുത്താവൂ എന്നതിന് ശ്രദ്ധ പുലർത്തണം.
- അനുവദിക്കുന്നതിലും തുക നൽകുന്നതിലും മോണിറ്ററിങ്ങും ആവശ്യമായ തുടർ നടപടികളും ഗ്രാമ പഞ്ചായത്തുകൾ / മുൻസിപ്പാലിറ്റികൾ ഓരോ പെൻഷണറുടേയും മരണം അനുവദിക്കുന്ന അധികാര സ്ഥാപനത്തിന് റിപ്പോർട്ടു ചെയ്തിരിക്കണം. തെറ്റിദ്ധരിക്കപ്പെട്ട/ തെറ്റായ വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങൾ തിരുത്തലിനായി അടിയന്തിരമായി റിപ്പോർട്ട് ചെയ്തിരിക്കണം.

ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യയോജന (DDU-GKY)

- ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യയോജന (DDU-GKY) ഗ്രാമീണ ദരിദ്രയുവജനങ്ങൾക്ക് പ്രാപ്തി വികസനത്തിനായുള്ള പ്ലേസ് മെന്റാണ്. NRLM ന്റെ ഭാഗമാണ് ഇത്.

ലക്ഷ്യങ്ങൾ

- ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ആനുകൂല്യങ്ങൾ പ്രാപ്യമാക്കുക.
- എല്ലാവരേയും ഉൾപ്പെടുത്തുന്ന പദ്ധതി ആസൂത്രണം.
- പരിശീലനത്തിൽ നിന്ന് തൊഴിലിലേക്കുള്ള മുൻഗണന മാറ്റം.
- തിരഞ്ഞെടുക്കപ്പെടുന്നവർക്ക് വിപുലമായ പിന്തുണ.
- പ്ലേസ് മെന്റ് കൂട്ടുകെട്ടുകൾ ഉണ്ടാക്കാൻ സജീവ ശ്രമം.
- നിർവ്വഹണത്തിന് പങ്കു ചേരുന്നവരുടെ പ്രാപ്തി വർദ്ധിപ്പിക്കൽ.
- പ്രാദേശിക ഊന്നൽ
- മാനദണ്ഡങ്ങൾക്കനുസൃതമായി ആനുകൂല്യം നൽകൽ.

ലക്ഷ്യമിടുന്ന വിഭാഗം

- ഗ്രാമീണ യുവജനങ്ങളെയാണ് ഈ സ്കീം ഉൾപ്പെടുത്തുക(15-35 വയസ്സ്).
- SC/ST/ സ്ത്രീകൾ/PCTG/PWD: 45 വയസ്സ് വരെ

നിർവ്വഹണ പ്രക്രിയ

- പദ്ധതിയുടെ കാലയളവും പദ്ധതി റെസിഡൻഷ്യലാണോ അല്ലയോ എന്നതും ആധാരമാക്കി, വിപണി ആവശ്യപ്പെടുന്ന 25695 രൂപ മുതൽ/ലക്ഷം രൂപ വരെ വ്യക്തിക്ക് തുക നൽകി പ്ലേസ്മെന്റ് സഹിതമുള്ള പ്രാപ്തി വികസന പരിപാടികൾക്ക് DDU-GKY ധനസഹായം നൽകുന്നു. 576 മണിക്കൂർ (3 മാസം) മുതൽ 2304 മണിക്കൂർ (12 മാസം) വരെയാണ് പരിശീനലത്തോടെയുള്ള പദ്ധതികൾക്ക് DDU-GKY ധനസഹായം നൽകുന്നത്.
- പരിശീനലച്ചെലവുകൾ, ഭക്ഷണവും താമസവും (റസിഡൻഷ്യൽ പ്രോഗ്രാമുകൾ) യാത്രച്ചെലവുകൾ, പ്ലേയ്സ്മെന്റ്റ്, അനന്തര പിന്തുണ ചെലവുകൾ, ജോലി, പിന്തുണ നിലനിലർത്തൽ ചെലവുകൾ.

PRI കളുടെ പങ്ക്

- DDU-GKY പ്രാപ്തി വികസനത്തിന് ഗ്രാമാധിഷ്ഠിതമായ സമീപനം കൈക്കൊള്ളുന്നതിനാൽ പദ്ധതിയെക്കുറിച്ചുള്ള അവബോധം വളർത്തുക., സജ്ജീകരണ പരിശ്രമങ്ങളിൽ സഹായിക്കുക, പ്രാപ്തി ആവശ്യപ്പെടുന്നതിനേയും ഒഴിവുകളേയും സംബന്ധിച്ച് ഡാറ്റാ ശേഖരിക്കുക, തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിന് സഹായിക്കുക., നടത്തിപ്പിന്റെ എല്ലാ ഘട്ടങ്ങളിലും PIA യെ പിന്തുണയ്ക്കുക എന്നിവയിൽ GP കൾക്ക് പങ്കുണ്ട്.
- ഏകവും ദുർബലവുമായ വിഭാഗങ്ങൾ, സ്ത്രീകൾ ഉൾപ്പെടെ പദ്ധതിയിൽ പങ്കെടുക്കുന്നെന്ന് GP കൾ ഉറപ്പുവരുത്തേണ്ടതാണ്.
- PIA കൾ പ്രാപ്തി വികസന പരിശീലനം നടത്തുമ്പോൾ, GP കൾക്ക് വിവിധ റിപ്പോർട്ടുകൾ പ്രാപ്യമാക്കിക്കൊണ്ട് നിർവ്വഹണത്തിനൊപ്പം നീങ്ങാവുന്നതും പരിശീലനത്തിൽ പങ്കെടുക്കുന്ന അപേക്ഷാർത്ഥികളുമായി നേരിട്ട് വിശദാംശങ്ങൾ അന്വേഷിച്ചറിയാവുന്നതുമാണ്.
- ജില്ലാ, സംസ്ഥാന മിഷനുകളിലെ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ GP കൾക്ക് നിർവ്വഹണത്തെ സംബന്ധിച്ച പ്രശ്നങ്ങൾ കൊണ്ടുവരാൻ കഴിയുന്നതാണ്.
- പരിശീലനത്തിനു ശേഷം ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന പ്ലേയ്സ്മെന്റ് , ജോലികളിലെ വിവിധ ഘടകങ്ങളേക്കുറിച്ച് മോണിറ്റർ ചെയ്യാൻ ഉദ്യോഗാർത്ഥികളോടും അവരുടെ മാതാപിതാക്കളോടും ചർച്ച നടത്തുകയും പരാതി പരിഹാര സംവിധാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുകയും.

MP പ്രാദേശിക വികസന പരിപാടി (MPLADS)

ലക്ഷ്യങ്ങൾ

- എം പി മാർക്ക് തങ്ങളുടെ മണ്ഡലത്തിൽ, പ്രാദേശികമായി ആവശ്യമായി വരുന്ന ദീർഘകാല സാമൂഹിക സമ്പത്തുകൾ സൃഷ്ടിക്കാൻ ഊന്നൽ നൽകി, വികസന സ്വഭാവമുള്ള പ്രവൃത്തികൾ ശുപാർശ ചെയ്യാൻ കഴിയുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.
- പരിപാടിയുടെ രൂപപ്പെടുത്തൽ മുതൽ ദേശീയ പ്രാധാന്യമുള്ള ദീർഘകാല സമ്പത്തുകൾ അതായത് കുടിവെള്ളം, പ്രാഥമിക വിദ്യാഭ്യാസം, പൊതു ജനാരോഗ്യം, ശുചിത്വം, റോഡുകൾ മുതലായവ സൃഷ്ടിക്കേണ്ടതാണ്.

നിർവ്വഹണ പ്രക്രിയ

- ബന്ധപ്പെട്ട ജില്ലാ അധികാര പരിധിയിൽ സാമ്പത്തിക വർഷത്തിൽ ഓരോ എം പിക്കും വാർഷിക പരിധിയിൽ വരാവുന്ന പ്രവൃത്തികൾ ശുപാർശ ചെയ്യാം.
- സംസ്ഥാന സർക്കാരിന്റെ അംഗീകൃത നടപടിക്രമങ്ങൾ പ്രകാരം (സാങ്കേതികാനുമതിയുടെ കാര്യത്തിൽ ടെൻഡർ കൂടാതെ, നിരക്കുകളുടെ ഷെഡ്യൂൾ മുതലായവ എങ്കിലും ഭരണപരമായ അനുമതി നൽകാനുള്ള അധികാരങ്ങൾ/അംഗീകാരം ജില്ലാ അതോറിറ്റിക്കായിരിക്കും) ജില്ലാ അതോറിറ്റി അനുമതി ലഭിച്ച പ്രവൃത്തികൾ നടപ്പാക്കുന്നതാണ്.

ഫണ്ടിങ്ങ്

- ലോക സഭാംഗത്തിന്റെ ബന്ധപ്പെട്ട ജില്ലയുടെ ജില്ലാ അതോറിറ്റിക്ക് ഭാരത സർക്കാർ നേരിട്ട് 2.5 കോടി രൂപയുടെ രണ്ട് തുല്യ തവണകളായി വാർഷിക തുകയായ 5 കോടി രൂപ അനുവദിക്കും.
- ലോക് സഭ നിലവിൽ വരുമ്പോഴോ രാജ്യസഭാഗം തിരഞ്ഞെടുക്കപ്പെടുമ്പോഴോ ആണ് സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ 2.5 കോടി രൂപയുടെ ആദ്യതവണ അനുവദിക്കുന്നത്.
- തുടർന്നുള്ള വർഷങ്ങളിൽ, ആദ്യ ഗഡുതുക സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ അനുവദിക്കുന്നത് മുൻവർഷത്തെ രണ്ടാതവണ എം പിക്ക് അനുവദിച്ചതിന്റേയും മുൻവർഷത്തെ തുക വിനിയോഗത്തിന്റെ കുറഞ്ഞത് 80%ത്തിന്റെ താല്ക്കാലിക വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധനയ്ക്കു വിധേയമായിട്ടായിരിക്കും.
- MPLADS ഫണ്ടുകളുടെ രണ്ടാം ഗഡു താഴെ പറയുന്ന അർഹതാ മാനദണ്ഡം പൂർത്തിയാക്കുന്നതിന് വിധേയമായാണ് അനുവദിക്കുക.
- ജില്ലാ അതോറിറ്റിയുടെ അക്കൗണ്ടിൽ അനുവദിക്കപ്പെടാത്ത നീക്കിയിരിപ്പ് തുകയായി 1 കോടി രൂപയിൽ കുറഞ്ഞ തുക അനുവദിച്ച പ്രവൃത്തികളുടെയെല്ലാം തുക കണക്കാക്കിയിതിനുശേഷം ഉണ്ടാകുകയെങ്കിൽ
    - ബന്ധപ്പെട്ട എം പിയുടെ ഫണ്ടിൽ ചെലവഴിക്കപ്പെടാത്ത മിച്ച തുക 2.5 കോടിരൂപയിൽ കുറവാണെങ്കിൽ
    - മാർച്ച് 31 ന് അവസാനിച്ച ഒടുവിലത്തെ സാമ്പത്തിക വർഷത്തെ വിനിയോഗ സർട്ടിഫിക്കറ്റും ഓഡിറ്റ് സർട്ടിഫിക്കറ്റും ജില്ലാ അതോറിറ്റി നൽകിയിട്ടുണ്ടെങ്കിൽ മേൽപറഞ്ഞ നിബന്ധനകൾ ഓരോ സിറ്റിങ്ങ് എം പിയുടേയും മുൻ എം പിയുടേതും പ്രത്യേക കാലാവധിയായി പരിഗണിച്ച് മാസം തോറുമുള്ള പ്രോഗ്രസ് റിപ്പോർട്ടിൽ നിന്നും കണക്കാക്കാവുന്നതാണ്. നിർദ്ദിഷ്ട ഫോർമാറ്റിൽ മാസം തോറുമുള്ള പ്രോഗ്രസ് റിപ്പോർട്ട് ജില്ലാ അതോറിറ്റി അയക്കേണ്ടതാണ്.

VII ഭവന നിർമ്മാണ – നഗര ദാരിദ്ര ലഘൂകരണ മന്ത്രാലയം

പ്രധാൻ മന്ത്രി ആവാസ് യോജന (PMAY)

- "പ്രധാൻ മന്ത്രി ആവാസ് യോജന (നഗരം) – എല്ലാവർക്കും വീടുകൾ " മിഷൻ നഗരപ്രദേശങ്ങളിൽ എല്ലാ അർഹരായ കുടുംബങ്ങൾക്കും/ഗുണഭോക്താക്കൾക്കും സംസ്ഥാനങ്ങളിലൂടെയും UT കളിലൂടെയും കേന്ദ്രസഹായം നിർവ്വഹണ ഏജൻസികൾക്കും നൽകിയാണ് നടപ്പാക്കുന്നത്.
- ലക്ഷ്യങ്ങൾ
- പട്ടിക ജാതിക്കാർ/പട്ടിക വർഗ്ഗക്കാർ, സ്വതന്ത്രരാക്കപ്പെട്ട അടിമത്തൊഴിലാളികൾ, SC/ST ക്കാരല്ലാത്ത ദാരിദ്ര്യരേഖയിൽ താഴെയുള്ള ഗ്രാമീണ ദരിദ്രർ എന്നിവയിലെ അംഗങ്ങൾക്ക് സഹായ ഗ്രാന്റ് നൽകിക്കൊണ്ട് വീടുകൾ പണിയാൻ സഹായിക്കുക.

ലക്ഷ്യമിടുന്ന സമൂഹം

- സാമൂഹിക സാമ്പത്തിക–ജാതി സെൻസസ് (SECC) വിവരങ്ങൾ ഉപയോഗിച്ചാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്

നിർവ്വഹണ പ്രക്രിയ

- മുൻപ് ധനസഹായം ലഭിച്ചവരോ, മറ്റു കാരണങ്ങളാൽ അനർഹരായിത്തീർന്നവരോ ആയ ഗുണഭോക്താക്കളെ കണ്ടെത്താനായി പട്ടിക ഗ്രാമസഭയിൽ അവതരിപ്പിക്കുന്നു. അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.
- ഗ്രാമസഭ പങ്കാളിത്ത പ്രക്രിയയോടെ സമ്പൂർണ പട്ടികയിൽ നിന്ന് ഗുണഭോക്താക്കളുടെ വാർഷിക പട്ടികയുണ്ടാക്കും. ഒറിജിനൽ പട്ടികയിൽ മുൻഗണനയ്ക്ക് മാറ്റങ്ങൾ വരുത്തുന്നെങ്കിൽ അതിനുള്ള കാരണങ്ങൾ ഗ്രാമസഭ ന്യായീകരണം എഴുതിത്തയ്യാറാക്കേണ്ടതാണ്.
- ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ഫണ്ട് ഇലക്ട്രോണിക്കലായി നേരിട്ട് മാറ്റുന്നതാണ്.
- ജിയോ സൂചക ഫോട്ടോഗ്രാഫുകൾ മൊബൈൽ ആപ്പിലൂടെ പരിശോധിക്കുകയും അപ് ലോഡ് ചെയ്യുകയും ചെയ്യുന്നതാണ്. ഈ ആപ്പിലൂടെ ഗുണഭോക്താവിന് തന്റെ സഹായധനം അനുവദിച്ചതിന്റെ പുരോഗതി മനസ്സിലാക്കാൻ കഴിയും.
- പ്രദേശത്ത് പൊതുവായി നേരിടുന്ന പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാനാകുന്ന സവിശേഷതകൾ ഉൾപ്പെടുത്തി, പ്രാദേശികമായി അനുയോജ്യമായ വീടിന്റെ മാതൃകകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക.
- മേസൺമാരുടെ കുറവിനെ പരിഹരിക്കാൻ നിർവ്വഹണ പ്രക്രിയക്കിടെ മേസൺ പരിശീലനം നടത്താവുന്നതാണ്.
- നിർമ്മാണ സാമഗ്രികൾ അധികമായി ആവശ്യമായി വരുന്നത് ലഭ്യമാക്കാൻ MGNREGA ക്കു കീഴിൽ സിമന്റ് ചേർത്ത് മണ്ണിഷ്ടികകൾ നിർമ്മിക്കാവുന്നതാണ്.
- സാങ്കേതിക സഹായവും വീട് നിർമ്മാണത്തിലെ ഗുണമേന്മാ പ്രശ്നങ്ങൾ നേരിടുന്നതിനും ജില്ലാ ബ്ലോക്ക് തലങ്ങളിൽ പിന്തുണ നൽകേണ്ടതാണ്.

PRI കളുടെ പങ്ക്

- ഗുണഭോക്താക്കളെ കണ്ടെത്താനായി പട്ടിക ഗ്രാമസഭക്ക് സമർപ്പിക്കണം#
- പങ്കാളിത്ത പ്രക്രിയയിലൂടെ സമ്പൂർണ്ണ പട്ടികയിൽ നിന്ന് ഗ്രാമസഭ ഗുണഭോക്താക്കളുടെ വാർഷിക പട്ടിക ഉണ്ടാക്കാം#
- ഒറിജിനൽ പട്ടികയിൽ മുൻഗണനയിൽ ഉണ്ടാകുന്ന ഏത് മാറ്റത്തിനുമുള്ള കാരണങ്ങൾ ഗ്രാമസഭ കാരണങ്ങൾ എഴുതി തയ്യാറാക്കി ന്യായീകരണം നൽകേണ്ടതുണ്ട്#

VIII **പഞ്ചായത്ത് രാജ് മന്ത്രാലയം**

ഗ്രാമപഞ്ചായത്ത് വികസന പരിപാടി– അടിസ്ഥാനസേവനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സ്ഥാപനകാര്യതലത്തിൽ ചുതലാബോധമുള്ള പ്രാദേശികഭരണത്തിന് 14–*mw* മത് ധനകാര്യകമ്മീഷൻ വിപുലമായ അവസരം സൃഷ്ടിച്ചിട്ടുണ്ട്. അടിസ്ഥാന സേവന വിതരണവുമായി ബന്ധപ്പെട്ട് തങ്ങളുടെ ജനവിധി ചുമതലാബോധത്തോടെയും കാര്യക്ഷമമായും നിർവ്വഹിക്കാൻ ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കേണ്ടത്, ബൃഹത്തായ വിഭവശേഷി ഗ്രാമപഞ്ചായത്തുകൾക്ക് (200,292.2 കോടി രൂപ)കൈമാറ്റം ചെയ്യത് അനിവാര്യമാകുന്നു.

പഞ്ചായത്തുകൾക്കുള്ള മറ്റൊരു ധനസ്രോതസ്സ് 5 വർഷക്കാലത്തേക്ക് 1.5 കോടി രൂപ മുതൽ 2 ലക്ഷം കോടിരൂപ വരെ ഗ്രാമപഞ്ചായത്തുകൾക്ക് സി എസ് എഫ് ഗ്രാന്റുകൾ സ്വന്തം സംസ്ഥാനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ സംസ്ഥാനങ്ങളുടെ സ്വന്തം വരുമാന സ്രോതസ്സുകൾ എന്നിവയുമുണ്ട്.

ഗ്രാമപഞ്ചായത്ത് തലത്തിൽ യുക്തിപരവും ശക്തവുമായ വികസന പ്ലാൻ ഉണ്ടാകണമെന്നതാണ് ഈ തോതിലുള്ള ഫണ്ടുകളുടെ പരിപാലനത്തിനുള്ള അടിസ്ഥാനപരമായ മുന്നുപാധി ഭരണഘടനാപരമായ നിർബന്ധിതത്വത്തിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി സമൂഹത്തെ പ്രത്യേകിച്ച് ഗ്രാമസമൂഹത്തെ പങ്ക് കൊള്ളിക്കുന്ന പങ്കാളിത്ത പരിപാടിയായിരിക്കുകയും ആർട്ടിക്കിൾ 243 ജി യിൽ പരമാർശിച്ചിട്ടുള്ള സാമൂഹികനീതിയുടേയും സാമ്പത്തികവികസനത്തിന്റേയും നിർബന്ധിത തത്വങ്ങൾ മുൻഗണനകളും പദ്ധതികളും രൂപപ്പെടുത്തുന്നതിൽ സ്വീകരിക്കുകയും വേണം.

അത് കൊണ്ട് തന്നെ പാർശ്വവൽക്കരിക്കപ്പെട്ടവരും ദരിദ്രജനങ്ങളുടെ ദുർബലതകളേയും ഉപജീവന മാർഗ്ഗങ്ങളേയും അഭിസംബോധന ചെയ്യുന്ന വ്യക്തമായ ഒരു ഘടകം ഗ്രാമപഞ്ചായത്ത് വികസന ആസൂത്രണ പരിപാടിയിൽ ഉണ്ടായിരിക്കണം. തൊഴിൽ അടിസ്ഥാനമാക്കിയുള്ള ബജറ്റും പദ്ധതിവൽക്കരണ പ്രവർത്തനങ്ങളും ചേർത്ത് എം.ജി.എൻ.ആർ.ഇ.ജി.എസ് നും കീഴിലേതെന്ന പോലെ ഒരു സംയോജിത ദാരിദ്ര്യനിവാരണ പദ്ധതി മുഖേനയായിരിക്കുകയും വേണം.

എഫ്.എഫ്.സി അനുവദിക്കുന്ന ബൃഹത്തായ ഫണ്ടുകൾ ഉപയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വികസന പരിപാടികൾ യഥാസ്ഥാനത്ത് ഉണ്ടായിരിക്കണം. എന്നാൽ ഇങ്ങനെ സംഭവിക്കണമെങ്കിൽ സംസ്ഥാന സർക്കാരിൽ നിന്ന് ഉപജില്ലാതലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും cascading രൂപത്തിൽ എടുക്കാവുന്ന സജ്ജമാക്കലിന്റേയും പ്രാപ്തിവൽകരണത്തിന്റേയും വലിയൊരളവ് പ്രവൃത്തികൾ ഉണ്ടായിരിക്കണം.

ഏറ്റെടുക്കേണ്ട വിവിധ പ്രവൃത്തികളുടെ ഏകോപനം സാധ്യമാക്കാൻ അതാത് സംസ്ഥാനങ്ങൾക്ക് അനുരൂപമായ മാർഗ്ഗരേഖകൾക്ക് രൂപം കൊടുത്തിരിക്കണം. ഗ്രാമപഞ്ചായത്ത് വികസന പരിപാടികൾക്കായുള്ള സമയബന്ധിതമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് ആവശ്യമായ തയ്യാറെടുപ്പുകളും നടത്തേണ്ടത് ഇതിൽ ഉൾപ്പെടുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് വികസന ആസൂത്രണ പരിപാടിയുടെ ആവശ്യകത

നിരവധി സർക്കാർ വകുപ്പുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ വികസനപരിപാടികൾ നടപ്പാക്കുന്നുണ്ട്. എന്നാൽ ഡിപ്പാർട്ട്മെന്റുകൾ നടത്തുന്ന പരിശ്രമങ്ങളിൽ കൂട്ടുത്തരവാദിത്വമില്ല, ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളിന്മേലും അധികാരികളുടെ മോണിറ്ററിംഗില്ല, ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ നഷ്ടോത്തരവാദിത്തവും സുതാര്യതയും ഇനിയും കൈവരേണ്ടിയിരിക്കുന്നു എന്നിവ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

പങ്കാളിത്താസൂത്രണം ഗ്രാമപഞ്ചായത്തുകളുടെ വിഭവശേഷിയെ പുറത്ത് കൊണ്ട് വരണം. കൂടാതെ പഞ്ചായത്ത് തലത്തിൽ സമാഹരിക്കാൻ കഴിയുന്ന ഫണ്ടുകളുടെ അടിസ്ഥാനത്തിൽ മുൻഗണന നൽകി പഞ്ചായത്തിന്റെ ഏറ്റവും അടിയന്തിരമായ ആവശ്യങ്ങളെ വിലയിരുത്തുകയും വേണം. അപ്രകാരം ഗ്രാമവികസന ആസൂത്രണ പരിപാടി പഞ്ചായത്തിന്റെ എല്ലാ മണ്ഡലങ്ങളുടേയും സമഗ്രമായ ഒരു വീക്ഷണം അടങ്ങുന്നതായിരിക്കണം.

ആസൂത്രണ പ്രക്രിയ ഗ്രാമപഞ്ചായത്തുകളെ സജീവമാക്കുകയും പ്രാദേശിക സർക്കാരുകൾ എന്ന നിലയ്ക്കുള്ള വ്യക്തിത്വം സ്ഥാപിക്കുകയും ചെയ്യുന്നു. അത് അധികമായ പ്രാദേശിക വിഭവ സമാഹരത്തിലൂടെ വ്യത്യസ്ത മേഖലകളിൽ നിന്ന് ഫണ്ടുകൾ സ്വരൂപിക്കാൻ സഹായിക്കുകയും അത് വഴി പൗരന്മാരുമായി കൂടുതൽ മെച്ചമായ ബന്ധം വളർത്താൻ സഹായിക്കുന്ന സേവനദായകത്വത്തെ മെച്ചപ്പെടുത്താൻ സഹായിക്കുകയും ചെയ്യുന്നു. പ്രാദേശികമായ മാതൃകകളുടേയും നൂതന കണ്ടുപിടിത്തങ്ങളിലേക്കും ഇത് നയിക്കുന്നു. ഗ്രാമപഞ്ചായത്ത്തല ആസൂത്രണം ലഭ്യമാക്കുന്നു.

പ്രാദേശിക മുൻഗണനകൾ തീരുമാനിക്കാനായി പ്രാദേശികപ്രശ്നങ്ങളും പ്രാദേശികധാരണകളും പ്രാദേശികവിശകലനങ്ങളും ചർച്ച ചെയ്യാനുള്ള ഒരു വേദി.

തീരുമാനമെടുക്കുന്നതിൽ ജനങ്ങളുടെ പങ്കാളിത്തത്തിനും ഭരണത്തെ ജനങ്ങളും സമീപത്തേക്ക് കൊണ്ടുവരുന്നതിനും പൊതുസ്ഥാപനങ്ങളെ കൂടുതൽ പ്രതികരണക്ഷമമവും ഉത്തരവാദിത്വപൂർണ്ണവും സുതാര്യവുമാക്കുന്നതിനുള്ള വേദി.

പിറകോട്ടും മുന്നോട്ടുമുള്ള ബന്ധശൃംഖലകൾ ലഭ്യമായ എല്ലാ സ്കീമുകളും വിഭവങ്ങളും ഫലപ്രദമായ സംയോജന സംവിധാനത്തിലൂടെ ഒന്നിച്ച ചേർക്കണം.

വ്യത്യസ്തമേഖലകളുടെ ലംബ/തരശ്ചീനമായ, സ്ഥലത്തെ /താൽക്കാലിക സമന്വയം സാധ്യമാക്കുക.

മുൻഗണനകളും വിഭവങ്ങളും ഒത്ത് നോക്കുന്നതിന് അവസരമൊരുക്കുക. ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും ചെയ്യാനാകുന്നതും താങ്ങാനാകുന്നവയും കാര്യക്ഷമമവും ഫലപ്രദവും സുസ്ഥിരവുമാകണം.

IX കൃഷി–കാർഷികക്ഷേമ മന്ത്രാലയം പ്രധാൻ മന്ത്രി ഫസൽ ബീമാ യോജന (PMFBY)

2016 ജനുവരിയിലാണ് പ്രധാൻ മന്ത്രി ഫസൽ ബീമാ യോജന ആരംഭം കുറിച്ചത്. നിലവിലുണ്ടായിരുന്ന രണ്ട് വിള ഇൻഷുറൻസ് സ്കീമുകളായ ദേശീയ കാർഷിക ഇൻഷുറൻസ് സ്കീമും (NAIS) 2016 സീസണിന് ശേഷം നടപ്പാക്കിയ (ജൂൺ 2016) നവീകരിച്ച NAIS സ്കീമിനും പകരമാണ് ഈ സ്കീം.

ലക്ഷ്യങ്ങൾ

പ്രഖ്യാപിക്കപ്പെട്ട ഏത് വിളക്കും പ്രകൃതിദുരന്തങ്ങളാലോ, കീടങ്ങളാലോ, രോഗങ്ങളാലോ നാശമുണ്ടാക്കുക യാണെങ്കിൽ കർഷകർക്ക് ഇൻഷുറൻസ് കവറേജും സാമ്പത്തിക സഹായവും നൽകുക

കാർഷികവൃത്തിയിൽ തുടരുമെന്ന് ഉറപ്പാക്കാനായി കർഷകരുടെ വരുമാനം സ്ഥിരസ്വഭാവമുള്ളതാക്കുക

നൂതനവും ആധുനികവുമായ കാർഷിക രീതികൾ അവലംബിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക

കാർഷികമേഖലക്ക് കടം ലഭ്യമാക്കുന്നത് ഉറപ്പ് വരുത്തുക.

നിർവ്വഹണ പ്രക്രിയ

ഈ സ്കീം നടപ്പാക്കുന്നത് വിവിധ ഏജൻസികളുടെ ചട്ടക്കൂട്ടിൽ, തിരഞ്ഞെടുക്കപ്പെട്ട ഇൻഷുറൻസ് കമ്പനികൾ വഴി സഹകരണം കാർഷികക്ഷേമവകുപ്പുകൾ(MoA & FW), ഭാരത സർക്കാർ(GoI), മറ്റ് നിരവധി ഏജൻസികളുമായി ഏകോപനത്തോടെ ബന്ധപ്പെട്ട് സംസ്ഥാനം, കമ്മേഴ്സ്യൽ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ അവയുടെ നിയമകാര്യ സമിതികൾ എന്നിവ പോലുള്ള ധനകാര്യസ്ഥാപനങ്ങൾ, കൃഷി, സഹകരണം, പഴവർഗ്ഗങ്ങൾ, സ്റ്റാറ്റിസ്റ്റിക്സ്, റവന്യൂ, വിവര/ശാസ്ത്രസാങ്കേതിക, പഞ്ചായത്ത് രാജ് മുതലായവ സർക്കാർ വകുപ്പുകൾ എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് നിയന്ത്രണത്തിനും കീഴിലാണ്.

ഫണ്ടിംഗ്

CCE കൾ നടത്തുന്നതിന് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള ചെലവ് ആവശ്യമായിടങ്ങളിൽ 50:50 അനുപാതത്തിൽ കേന്ദ്രസർക്കാരും സംസ്ഥാന/UT സർക്കാരുകളും തമ്മിൽ പങ്ക് വെയ്ക്കുന്നു. ഇത് കയ്യിൽ പിടിച്ച് ഉപയോഗിക്കുന്ന ഉപകരണങ്ങൾ/സ്മാർട്ട് ഫോണുകൾ വാങ്ങാനുമുള്ള ഏകദേശ തുകയും മറ്റ് ബന്ധപ്പെട്ട ചെലവുകളും അടിസ്ഥാനമാക്കി കേന്ദ്രസർക്കാരിൽ നിന്ന് ഈ ലക്ഷ്യത്തിനായി ലഭ്യമായ ആകെ ഫണ്ടിന്റെക്കീഴിലായിരിക്കണം.

X ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രാലയം– പ്രധാൻ മന്ത്രി കിസാൻ സമ്പദ് യോജന

പ്രധാൻ മന്ത്രി കിസാൻ സമ്പദ് യോജന വയൽ മുതൽ ചെറുകിട വിപണന കേന്ദ്രം വരെ കാര്യക്ഷമമായ വിതരണശൃംഖല പരിപാലനത്തോടെയുള്ള ആധുനികമായ അടിസ്ഥാനസൗകര്യങ്ങളുടെ സൃഷ്ടി ഫലവത്താക്കുന്ന സമഗ്രപാക്കേജാണ്. രാജ്യത്തെ ഭക്ഷ്യ സംസ്കരണ മേഖലയുടെ വളർച്ചക്ക് ഇത് വലിയ കുതിപ്പ് നൽകുക മാത്രമല്ല കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട സംവിധാനം നൽകുകയും കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിലേക്ക് വലിയ ചുവട് വെയ്പ്പ് ആക്കുകയും പ്രത്യേകിച്ചും ഗ്രാമീണമേഖലകളിൽ വമ്പൻ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും കാർഷികഉല്പന്നങ്ങളുടെ പാഴാക്കൽ കുറയ്ക്കുകയും സംസ്കരണത്തിന്റെ അളവ് വർദ്ധിപ്പിക്കുകയും സംസ്കരിച്ച ഭക്ഷ്യവസ്തുക്കളുടെ കയറ്റുമതി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

സ്കീമുകളുടെ ഫലപ്രദമായ നിർവ്വഹണത്തിനും സൂപ്പർവിഷനും ഗ്രാമപഞ്ചായത്ത് കൈക്കൊള്ളേണ്ട വിവിധ ഘട്ടങ്ങൾ–

- ഗ്രാമസഭയിൽ സ്കീമിനേ കുറിച്ചുള്ള വിവരങ്ങൾ നൽകുക
- സ്കീമുകൾക്ക് കീഴിൽ പ്രാദേശികമായി പ്രസക്തമായ പ്രവൃത്തികൾ ഏറ്റെടുക്കുന്നതെന്ന് ഉറപ്പാക്കുക
- ഗ്രാമസഭയുടെ അംഗീകാരങ്ങൾ പ്രത്യേകിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ ലഭിച്ചുവെന്ന് ഉറപ്പ് വരുത്തുക
- സ്കീമിന് കീഴിൽ ഗ്രാമപഞ്ചായത്തിലേക്ക് ഫണ്ടുകൾ മാറ്റിയിട്ടുണ്ടെങ്കിൽ കണക്കുകൾ കർശനമായി രേഖപ്പെടുത്തി സൂക്ഷിക്കുക.
- സമയാസമയങ്ങളിൽ സ്കീമിന്റെ നിർവ്വഹണം അവലോകനം ചെയ്യുക. എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ പരിഹരിക്കുക
- വിവിധ സ്കീമുകൾക്ക് കീഴിൽ രൂപീകരിച്ച സി.ബി.ഒ കളെ സൂപ്പർവൈസ് ചെയ്യുകയും ഈ സി.ബി.ഒ കളിലെ അംഗങ്ങളേക്കുറിച്ച് വെളിപ്പെടുത്തുകയും ചെയ്യുക
- ഗ്രാമസഭായോഗങ്ങളിലേക്ക് ഈ സി.ബി.ഒ കളെ വിളിക്കുകയും തങ്ങളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്യുക

- സ്കീമിന്റെ സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കുക

<u>വ്യത്യസ്ത ഡിപ്പാർട്ടുമെന്റുകളുടെ മുൻനിര പ്രവർത്തകർക്ക് ഒരു ആമുഖം</u>

- ആരോഗ്യം, ജലവും ശുചിത്വവും, പ്രാഥമിക വിദ്യാഭ്യാസം, സ്ത്രീയും കുട്ടിയും, കൃഷി, സാമൂഹ്യനീതി മുതലായവ പോലുള്ള വ്യത്യസ്ത വകുപ്പുകളുടെ അധികൃതർ പഞ്ചായത്തുകളുമായി ബന്ധപ്പെടുത്തിയിരിക്കുകയാണ്. അതിനാൽ ഈ വകുപ്പുകളുടെ പ്രവർത്തനങ്ങളേയും ചുമതലപ്പെട്ടവരേയും ഗ്രാമപഞ്ചായത്ത് സൂപ്പർവൈസ് ചെയ്യുന്നു.

ക്രമ സംഖ്യ	വകുപ്പുകൾ/വിഷയം	ചുമതലക്കാർ	പ്രധാന പ്രവർത്തനങ്ങൾ
	ആരോഗ്യം	ഓക്സിലയറി നഴ്സ് കം മിഡ് വൈഫ്	- കുട്ടികളുടെയും ഗർഭിണികളുടെയും ഇമ്മ്യൂണൈസേഷൻ - പ്രസവം ആരോഗ്യസ്ഥാപനങ്ങളിലാണെന്ന് ഉറപ്പാക്കുക - സീസണൽ രോഗങ്ങളുടെ നിയന്ത്രണം - ആരോഗ്യ സബ് സെന്ററുകളിൽ അവശ്യമരുന്നുകൾ ലഭ്യമാണെന്ന് ഉറപ്പാക്കുക - കുടുംബാസൂത്രണം പ്രോത്സാഹിപ്പിക്കുക - ആശയുടെ സൂപ്പർഡിവിഷൻ - AWC കളിൽ ഓരോ മാസവും ആചരിക്കുന്ന MCHN കുട്ടികളുടേയും അമ്മമാരുടേയും ആരോഗ്യ പരിശോധനയിൽ സഹായിക്കുക
	പ്രാഥമിക വിദ്യാഭ്യാസം	എലിമെന്ററി സ്കൂൾ ടീച്ചർ	- വിദ്യാർത്ഥികളെ ചേർക്കുന്നതും അവരെ നിലനിർത്തുന്നതും - ഗുണമേന്മയുള്ള അദ്ധ്യാപനം - ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മയും കൃത്യതയും ഉറപ്പാക്കൽ
	സ്ത്രീകളും കുട്ടികളും	അങ്കണവാടി വർക്കർ	- 0-3 ഉം 3-6 ഉം വയസ്സു വരെയുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികളും മുലയൂട്ടുന്നവരുമായ സ്ത്രീകൾ എന്നിവരും രജിസ്ട്രേഷൻ, അവർക്ക് പൂരകപോഷക വിതരണവും , 3-6 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രീ സ്കൂൾ വിദ്യാഭ്യാസം - ആരോഗ്യ പരിശോധനക്ക് മാതൃ-ശിശു ആരോഗ്യപോഷക ദിനം(MCHN) സംഘടിപ്പിക്കുക, വളർച്ചാമോണിറ്ററിംഗ് ഇമ്മ്യൂണൈസേഷനും പോഷകാഹാരക്കുറവ് നേരിടുന്ന കുട്ടികളുടെ റഫറൽ - സ്ത്രീകൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും പോഷകാഹാരവും ആരോഗ്യവിദ്യാഭ്യാസവും

	കൃഷി	കൃഷി സൂപ്പർവൈസർ	_ വിളകളുടെ രോഗങ്ങളുടെ നിയന്ത്രണത്തിൽ കർഷകരെ നയിക്കുക, കീടനാശിനി, വളം, വിത്തുകൾ എന്നിവയുടെ ഗുണമേന്മ ഉറപ്പ് വരുത്തുക, സബ് സിഡി ഉറപ്പാക്കുക _ മെച്ചപ്പെട്ട കാർഷികരീതികൾക്കായി ഫാം ഡെമോൺസ്ട്രേഷൻ സംഘടിപ്പിക്കുക, അർഹരായ കർഷകർക്ക് സൗജന്യമായി വിത്തുകളും തൈകളും വിതരണം ചെയ്യുക _ തുള്ളി നനയും കാർഷിക ഉപകരണങ്ങൾക്കും ധനസഹായം സാധ്യമാക്കുക, വനിത-പുരുഷ കർഷകർക്ക്പരിശീലനം നൽകുക _ മറ്റ് ജില്ലകളിലേക്കും സംസ്ഥാനങ്ങളിലേക്കും കർഷകരുടെ പഠനയാത്രകൾ സംഘടിപ്പിക്കുക
	സാമൂഹിക നീതി	റോസ്ഗാർ സഹായക് (MGNREGA)	_ പദ്ധതിപ്രകാരം വേതനം ലഭിക്കുന്ന തൊഴിൽ ചെയ്യാൻ താൽപര്യമുള്ള കുടുംബങ്ങളുടെ രജിസ്ട്രേഷൻ, ലഭിച്ച തൊഴിൽ, അപേക്ഷകളുടെ രജിസ്ട്രേഷൻ, തൊഴിൽകാർഡുകളുടെ വിതരണം, പ്രവൃത്തിസ്ഥലങ്ങൾ നിശ്ചയിച്ച് നൽകൽ _ ചെയ്ത പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ നൽകേണ്ട തുക കണക്കാക്കൽ _ MGNREGA യുമായി ബന്ധപ്പെട്ട സ്വയം വെളിപ്പെടുത്തൽ _ സോഷ്യൽ ഓഡിറ്റിന് വേണ്ട വിവരം നൽകൽ
	വെള്ളവും ശുചിത്വവും	സ്വച്ഛതാ ദൂത്	_ സുരക്ഷിതമായി ശുചിത്വത്തിനായി സമൂഹത്തിൽ അവബോധം സൃഷ്ടിക്കുക _ സാമൂഹിക ഭൂപടം തയ്യാറാക്കൽ _ വെള്ളം, ശുചിത്വം സാഹചര്യം വിലയിരുത്തൽ _ മലിനീകരണം ഭൂപടത്തിൽ രേഖപ്പെടുത്തൽ _ ഗ്രാമസഭയുടെ യോഗത്തിന്റെ ഏകോപനം

<u>അങ്കണവാടി(AWC)- അങ്കണവാടി വർക്കറും(AWW) ഹെൽപ്പറും (AWH)</u>

ഇന്ത്യയിലെ സർക്കാർ സ്പോൺസേഡ് ശിശുപരിചരണം, മാതൃപരിചരണകേന്ദ്രമാണ് അങ്കണവാടി. 0-6 വയസ്സ് വിഭാഗത്തിലെ കുട്ടികൾക്ക് ആഹാരം നൽകുന്നു. രാജ്യത്തുടനീളം ഭൂരിഭാഗം വനിതാ ജീവനക്കാരേയും സഹായികളേയും ജോലിക്കാരാക്കുന്നു. ഇമ്മ്യൂണൈസേഷൻ, ആരോഗ്യകരവും പോഷകപൂർണ്ണവുമായ ആഹാരം, ശുദ്ധജലം, വൃത്തിയുള്ള ശുചിമുറി, കുഞ്ഞുങ്ങൾക്കും മുട്ടിലിഴയുന്നവർക്കും പ്രീസ്കൂളുകാർക്കും പഠനാന്തരീക്ഷം എന്നീ ആവശ്യങ്ങളുള്ള ദരിദ്രകുടുംബങ്ങൾക്ക് അവർ സഹായമെത്തിക്കുന്നു. കുഞ്ഞ് ജനിക്കാനിരിക്കുന്നവരോ കുഞ്ഞിനെ പരിചരിക്കുന്നവരോ ആയ അമ്മമാർക്കും അവർ സമാനസേവനങ്ങൾ നൽകുന്നു.

പങ്കുകളും ചുമതലകളും

- ആരോഗ്യപരിചരണം
- ഓരോ മാസവും ഓരോ കുഞ്ഞിന്റേയും തൂക്കം നോക്കുക, വളർച്ചാ കാർഡിൽ ഗ്രാഫിൽ തൂക്കം രേഖപ്പെടുത്തുക, അമ്മമാരേയോ, കുഞ്ഞുങ്ങളേയോ സബ് സെന്റുകൾ, പി.എച്ച.സി മുതലായവയിലേക്ക് റഫർ ചെയ്യുന്നതിന് റഫറൽ കാർഡ് ഉപയോഗിക്കുക.

പോഷക പരിചരണം

- പ്രാദേശികമായി ലഭ്യമായ ആഹാരവും പ്രാദേശിക ഇനങ്ങളും അടിസ്ഥാനമാക്കി മെനു തയ്യാറാക്കി കുഞ്ഞുങ്ങൾക്കും(0-6വയസ്സ്), കുഞ്ഞ് ജനിക്കാനിരിക്കുന്നവർക്കും , കുഞ്ഞുങ്ങളെ പരിചരിക്കുന്നവരുമായ അമ്മമാർക്കും പൂരകപോഷകാഹാരം നൽകുക
- കുഞ്ഞുങ്ങൾക്കുള്ള മുലയൂട്ടൽ രീതികളെക്കുറിച്ച് അമ്മമാർക്ക് ആരോഗ്യ-പോഷകാഹാര വിദ്യാഭ്യാസം നൽകുക.

ഗൃഹസന്ദർശനങ്ങളും സർവ്വേകളും

- ശിശുവിന്റെ വളർച്ചയിലും വികാസത്തിലും നവജാതശിശുവിന് പ്രത്യേക ഊന്നൽ നൽകി, ഫലപ്രദമായ പങ്കിന് രൂപം നൽകാൻ അമ്മമാരെ പ്രാപ്തരാക്കാനായി മാതാപിതാക്കൾക്ക് വിദ്യാഭ്യാസം നൽകാൻ ഗൃഹസന്ദർശനങ്ങൾ നടത്തുക
- വർഷത്തിൽ ഒരിക്കൽ അവരവരുടെ പ്രദേശങ്ങളിൽ എല്ലാ കുടുംബങ്ങളുടേയും ദ്രുതസർവ്വേ നടത്തുക.
- പഞ്ചായത്ത് സെക്രട്ടറി/ഗ്രാമസഭസേവക്ക്/ANM ഇവരിൽ ആരാണ് തന്റെ ഗ്രാമത്തിൽ ജനനമരണ രജിസ്ട്രാർ/സബ് രജിസ്ട്രാർ ആയി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതെങ്കിൽ അവർക്ക് അതാത് മാസം നടന്ന ജനനം സംബന്ധിച്ച വിവരങ്ങൾ A : : #നൽകണം.

കമ്മ്യൂണിറ്റി സപ്പോർട്ടർ

- പദ്ധതി നടത്തുന്നതിൽ സമൂഹത്തിന്റെ പിന്തുണയും പങ്കാളിത്തവും നൽകുക
- ഇമ്മ്യൂണൈസേഷൻ, ആരോഗ്യപരിശോധന, ഗർഭകാല പ്രസവാനന്തര പരിശോധനകൾ എന്നിങ്ങനെ പദ്ധതിയുടെ ആരോഗ്യഘടകങ്ങളുടെ നിർവ്വഹണത്തിൽ പി.എച്ച്.സി ജീവനക്കാരെ സഹായിക്കുക

മറ്റ് ജീവനക്കാരുമായി ഏകോപനവും സഹകരണവും

- ഐ.സി.ഡി.എസ് സ്കീമിൽ ആരോഗ്യ പരിചരണ സേവനങ്ങൾ നൽകലും രേഖകൾ സൂക്ഷിക്കലും ചെയ്യുന്നതിനായി എൻ.ആർ.എം ലെ ആക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്റ്റിവിസ്റ്റുകളെ (ആശവർക്കർ) നയിക്കുക.
- ഐ.സി.ഡി.എസ് ന് കീഴിൽ ശേഖരിക്കപ്പെട്ട വിവരങ്ങൾ എ.എൻഎംമുമായി പങ്ക് വെയക്കുക. എങ്കിലും അങ്കണവാടി വർക്കറുടെ രേഖകളിലെ വിവരങ്ങളെ മാത്രം എ.എൻഎം ആശ്രയിക്കരുത്.
- AWW കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള പോഷകാഹാര പരിപാടിയുടെ നടത്തിപ്പിലും സ്കീമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം AWW സഹായിക്കേണ്ടതും NPAG ക്ക് കീഴിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അത്തരം രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

ഭരണവും ഏകോപനവും

- തങ്ങളുടെ ശ്രദ്ധയും ഇടപെടലും ആവശ്യമായ പ്രത്യേകിച്ചും വ്യത്യസ്ത ഡിപ്പാർട്ട്മെന്റുകളുടെ ഏകോപനം ആവശ്യമായ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഏത് കാര്യവും സൂപ്പർവൈസറുടെ /സിഡിപിഒ യുടെ ശ്രദ്ധയിൽ കൊണ്ട് വരിക.
- മറ്റ് സ്ഥാപനങ്ങളുമായി (മഹിള മണ്ഡലുകൾ) ബന്ധം പുലർത്തുക
- ഗൃഹസന്ദർശനത്തിനിടെ കുട്ടികൾക്കിടയിലുള്ള വൈകല്യങ്ങൾ കണ്ടെത്തുകയും ഉടനടി അത്തരം കേസുകൾ ഏറ്റവുമടുത്ത പി.എച്ച്.സിയിലേക്കോ അല്ലെങ്കിൽ ജില്ല ഡിസൈബിലിറ്റി റീഹാബിലിറ്റേഷൻ കേന്ദ്രത്തിലേക്കോ റഫർ ചെയ്യുക
- പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ യത്നങ്ങൾ നടത്തുന്നത് പിന്തുണക്കുക.

ആശ വർക്കർ

രാജ്യത്തെ ഓരോ ഗ്രാമത്തിലും പരിശീലനം നേടിയ വനിതാ കമ്മ്യൂണിറ്റി ഹെൽത്ത് വർക്കർ ആശ അല്ലെങ്കിൽ അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്റ്റിവിസ്റ്റ് എന്ന പേരിൽ ഉണ്ടായിരിക്കും. ഗ്രാമത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഗ്രാമസമൂഹത്തോട് നഷ്ടോത്തരവാദിത്തമുള്ളതുമായ വനിതയായിരിക്കും ആശ. സമൂഹവും പൊതു ആരോഗ്യസംവിധാനവും തമ്മിൽ ഒരു സംയോജിത സംവിധാനമായി പ്രവർത്തിക്കാനായി പരിശീലിപ്പിക്കപ്പെട്ടവരാണ് ആശ.

ആശയുടെ മുഖ്യ ഘടകങ്ങൾ താഴെ പറയുന്നവയാണ്

- പ്രാഥമികവും ഗ്രാമത്തിലെ താമസക്കാരിയായ വിവാഹിത/വിധവ/വിവാഹമോചിത ആയ 25 നും 45 നും ഇടയിൽ പ്രായമുള്ള സ്ത്രീയായിരിക്കണം
- പ്രഥമ ശുശ്രൂഷസേവനം നൽകാൻ കഴിയുന്ന ഔഷധകിറ്റ് കൈവശം വയ്ക്കുന്നതും ആവശ്യമായ അറിവ് നേടിയിട്ടുള്ള ആളുമായിരിക്കണം ആൾ. ഓരോ ആശയവും തന്റെ ഗ്രാമത്തിലെ പൊതുജനാരോഗ്യ പരിപാടികളിൽ സമൂഹപങ്കാളിത്തത്തിന്റെ അടിത്തറയായിരിക്കണമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.
- ആരോഗ്യ സേവനങ്ങൾ അപ്രാപ്യമെന്ന് കരുതുന്ന ബഹിഷ്കൃത വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടേയും പ്രത്യേകിച്ചും സ്ത്രീകളുടേയും ഏതുതരം ആരോഗ്യ ആവശ്യങ്ങളിലേക്കും ആദ്യത്തെ അത്താണിയായിരിക്കണം ആശവർക്കർ.
- സമൂഹത്തിലെ ആരോഗ്യപ്രവർത്തകയാണ് ആശവർക്കർ. ആശവർക്കർ ആരോഗ്യത്തെ സംബന്ധിച്ചും അതിന്റെ സാമൂഹിക നിർണയങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുകയും പ്രാദേശികമായ ആരോഗ്യ ആസൂത്രണത്തിനും നിലവിലുള്ള ആരോഗ്യസേവനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിലും നഷ്ടോത്തരവാദിത്വത്തിലും സമൂഹത്തെ സജ്ജമാക്കുകയും ചെയ്യുന്നു.
- ആശവർക്കർ നല്ല ആരോഗ്യശീലങ്ങളുടെ പ്രചാരകയും ആ തലത്തിൽ അനുയോജ്യവും അഭികാമ്യവുമായ രോഗമുക്തി പരിചരണത്തിന്റെ മിനിമം പാക്കേജ് നൽകുന്നയാൾ കൂടിയാണ്.
- ആരോഗ്യത്തെ നിർണയിക്കുന്ന ഘടകങ്ങളായ പോഷകം അടിസ്ഥാനശുചിത്വ-വൃത്തിശീലങ്ങൾ, ആരോഗ്യകരമായ ജീവിത-ജോലി സാഹചര്യങ്ങൾ നിലവിലുള്ള ആരോഗ്യസേവനങ്ങളുടെ വിവരങ്ങൾ യഥാമസയം പ്രയോജനപ്പെടുത്തേണ്ട ആരോഗ്യവും കുടുംബക്ഷേമ സേവനങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ആശവർക്കർ നൽകും
- കുഞ്ഞിന് ജന്മം നൽകുന്നതിന്റെ തയ്യാറെടുപ്പ്, സുരക്ഷിതമായ പ്രസവത്തിന്റെ പ്രാധാന്യം, മുലയൂട്ടലും പൂരക ആഹാരവും ഇമ്മ്യൂണൈസേഷൻ, ഗർഭനിരോധനം, ശിശുവിനുണ്ടാകുന്ന സാധാരണ അണുബാധ തടയൽ എന്നിവയെക്കുറിച്ച് ആശവർക്കർ സ്ത്രീകളെ കൗൺസിൽ ചെയ്യും.

- ആരോഗ്യവും ആരോഗ്യവുമായി ബന്ധപ്പെട്ടതുമായ അങ്കണവാടി/സബ് സെന്റർ/പി.എച്ച്.സി യിൽ ലഭ്യമായ സേവനങ്ങൾ പ്രാപ്യമാക്കാൻ ആശവർക്കർ സമൂഹത്തെ സജ്ജമാക്കുകയും സഹായിക്കുകയും ചെയ്യുന്നു.
- ഓറൽ റീ ഹൈഡ്രേഷൻ തെറാപ്പി (ORS), അയേൺ ഫോളിക്ക് ആസിഡ് ടാബലെറ്റ് (IFA) പോലെ ആവശ്യമായ എല്ലാ വാസസങ്കേതങ്ങളിലും ലഭ്യമാക്കാൻ ഒരു ചുമതലക്കാരിയേപ്പോലെ ആശവർക്കർ പ്രവർത്തിക്കും.

സ്വച്ഛ ദൂത്

സുരക്ഷിതമായ ശുചിത്വത്തെക്കുറിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കാൻ വ്യക്തിപരമായി വീടുകളുമായി ബന്ധപ്പെടൽ, മീറ്റിംഗുകളും, തുറസ്സായ ഇടങ്ങളിലെ മലവിസർജ്ജന സാമൂഹ്യഭൂപടം തയ്യാറാക്കുക. ഇത്തരം ഇടങ്ങളിലേക്കുള്ള പദയാത്രയാണ് **"അപമാന".**

- പ്രാദേശിക നടത്തം (Transect Walk), ഗ്രാമത്തിലെ ജലത്തിന്റെ ശുചിത്വാവസ്ഥ, വ്യത്യസ്ത വിഭാഗങ്ങളുടെ പക്കലുള്ള ശുചിമുറികളുടെ വിവരങ്ങൾ, മാലിന്യ ഉറവിടങ്ങൾ തിട്ടപ്പെടുത്തൽ (തുറസ്സായ സ്ഥലങ്ങളിലെ മലവിസർജ്ജനം മൂലം ഗ്രാമത്തിൽ വർദ്ധിക്കുന്ന മാലിന്യങ്ങളുടെ അളവ്, മലിനീകരണഭൂപടം, മലവിസർജ്ജനം മൂലം ഉണ്ടാകുന്ന മലിനീകരണം മുതലായവയ്ക്ക് എതിരായ പരിപാടികളും സംഘടിപ്പിക്കുക).
- ഗ്രാമത്തിലെ ഓരോ വീടിന്റേയും വാസയിടം തോറുമുള്ള വിശദവിവരം ശേഖരിക്കൽ എ.പി.എൽ/ബി.പി.എൽ/വൈകല്യബാധിതർ/ജാതി/വയസ്സ്, ലിംഗം, യോഗ്യത, തൊഴിൽ മുതലായ വിശദാംശങ്ങൾ ശേഖരിക്കുക. ഇവരുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ശുചിമുറികളുടെ ലഭ്യതയും അവ അംഗങ്ങൾ ഉപയോഗിക്കുന്നുണ്ടോയെന്നതും ശുചിമുറികളുടെ ഗുണമേന്മ, കുടുംബത്തിലെ അംഗങ്ങളുടെ തുറസ്സായ ഇടങ്ങളിലെ മലവിസർജ്ജനം, കുഞ്ഞുങ്ങളുടെ മലം നീക്കം ചെയ്യുന്ന രീതി, ഫിൽട്ടറിന്റെ ഉപയോഗം, മലവിസർജ്ജനത്തിന് ശേഷം ഭക്ഷണം കഴിക്കുന്നതിന് മുമ്പും പിമ്പും സോപ്പ് ഉപയോഗിച്ച് കൈകഴുകുന്നുണ്ടെങ്കിൽ അത് ജലജന്യരോഗങ്ങളുടെ വിവരങ്ങൾ, മാലിന്യനിർമ്മാർജ്ജന രീതി, ജലസ്രോതസ് കൈകാര്യം ചെയ്യുന്ന രീതി, പാത്രങ്ങളിൽനിന്നോ സംഭരണികളിൽനിന്നോ ജലം ഏടുക്കുന്ന രീതി മുതലായവ തിട്ടപ്പെടുത്തുക.
- വില്ലേജ് വാട്ടർ ആന്റ് സാനിറ്റേഷൻ കമ്മറ്റിയുടെ (VWSC) രൂപീകരണത്തിൽ ഗ്രാമപഞ്ചായത്ത്/ബി.ആർ.സി/ബ്ലോക്ക് എന്നിവുമായി ഏകോപനം പൂർണ്ണമാക്കുന്നതിനും, വാർഷിക ഗ്രാമ പ്ലാനിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക. നിശ്ചിത ദിവസം ആഴ്ച്ച തോറുമുള്ള VWSCയുടെ മീറ്റിംഗിൽ – സമൂഹനേതൃത്വത്തിലുള്ള ശുചിത്വയജ്ഞം.
- ഗ്രാമസഭയുടെ മാസം തോറുമുള്ള മീറ്റിംങ്ങിനായി (ശുചിത്വദിനം) പഞ്ചായത്ത് അംഗങ്ങളുമായി ഏകോപനം, ഓരോ മാസവും ശുചിത്വം, വൃത്തി, സുരക്ഷിതമായ കുടിവെള്ളം ഖര ദ്രവമാലിന്യങ്ങളുടെ നീക്കം ചെയ്യൽ എന്നിവയുടെ സ്ഥിതി വിലയിരുത്തുക
- ശുചിമുറികളുടെ വൃത്തി പരിപാലനവും ഉപയോഗവും– പ്രാർത്ഥനയോഗത്തിന് ശേഷം ശുചിമുറികളുടെ ആവശ്യം ഉപയോഗം, കുഞ്ഞുങ്ങളുടെ മലം, ശുചിമുറികളിൽ ഇടുന്നത്

അടിയന്തിര സമയങ്ങളിൽ കൈകഴുകുന്നത്, ചൈൽഡ് ക്യാബിനറ്റ് പരിചയപ്പെടുത്തൽ എന്നിവയ്ക്കായി സ്കൂളും അങ്കണവാടിയും നിശ്ചിതമായ കാലയളവുകളിൽ സന്ദർശിക്കുക

- വാർഷിക ശുചിത്വവാരം/ദൈവാരം പോലുള്ള പ്രത്യേക ക്യാമ്പയിനുകൾക്കിടെ സ്കൂളുകളുമായി ചേർന്ന് വിദ്യാർത്ഥികൾക്കിടയിൽ മത്സരങ്ങൾ ഏകോപിപ്പിക്കുക(ശുചിത്വം , വൃത്തി എന്നീ വിഷയങ്ങളിൽ പോസ്റ്റർ, ഉപന്യാസം, നാടകം സംഗീതം മുതലായവ).
- ഹെൽത്ത് വാക്ക്, ഗ്രാമത്തിൽ റാലി, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, വിദ്യാർത്ഥികളുടെ വീടുകൾ തോറുമുള്ള യത്നം എന്നിവക്കായി സ്കൂളുകളെ സജ്ജമാക്കുക
- എസ്.എച്ച്.ജി കളുമായി ചേർന്ന് ഓരോ ദൈവാരത്തിലും ശുചിത്വം, വൃത്തി, ജലം എന്നിവയേക്കുറിച്ച് ചർച്ച ചെയ്യാനായി ഒരു ദിവസം നിശ്ചയിക്കുക. വ്യക്തിഗത കുടുംബ കക്കൂസുകൾ (IHHL) സ്ഥാപിക്കുന്നതിനും അംഗങ്ങൾക്ക് വായ്പ വാഗ്ദാനം ചെയ്തുകൊണ്ട് പ്രചോദനം നൽകുക.
- ശുചിത്വത്തേക്കുറിച്ച ജലം സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും കുഞ്ഞുങ്ങളുടെ മലം നീക്കം ചെയ്യുന്നതിനും കൈകൾ കഴുകുന്നതിനും വൃത്തിയേക്കുറിച്ചും അവർ വീടുകൾ സന്ദർശിക്കുമ്പോൾ സന്ദേശങ്ങൾ പ്രചരിപ്പിക്കണമെന്ന് ആശമാരോടും അങ്കണവാടി വർക്കർമാരോടും ചർച്ച ചെയ്യുക
- ശുചിത്വം, വൃത്തി, ശുദ്ധമായ കുടിവെള്ളം എന്നിവയെക്കുറിച്ചും ഓർമ്മിപ്പിക്കുന്ന മാധ്യമങ്ങളെ ഏകോപിപ്പിക്കുകയും പ്രദർശിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുക (ഉദാ- ചുമരെഴുത്തുകൾ, ചുമരിലെ ചിത്രങ്ങൾ, പോസ്റ്ററുകൾ, ടിൻ പ്ലേറ്റുകൾ മുതലായവ)
- ഗ്രാമപഞ്ചായത്ത്/ബ്ലോക്കിൽ ഗുണമേന്മയുള്ള . വ്യക്തിഗത കുടുംബ കക്കൂസുകൾ നിർമ്മിക്കുന്നതിന് മേസൺമാരുടെ പ്രാപ്തി ഉയർത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- IHHL നിർമ്മാണത്തിൽ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നിർദ്ദിഷ്ട മാനദണ്ഡപ്രകാരം അവ നിർമ്മിക്കുന്നതിന്, മേസൺമാരെ സ്വയം ഉപയോഗിക്കാനും ഇൻസെന്റീവ് ലഭിക്കുന്നതിനും (ബി.പി.എല്ലോ, ശാരീരിവെല്ലുവിളികൾ നേരിടുന്നവരോ ആണെങ്കിൽ) അങ്ങെനയെങ്കിൽ അവർക്ക് താങ്കളുടെ ആവശ്യപ്രകാരം ശുചിമുറിയണ്ടാക്കാനും നിലവാരവും സുസ്ഥിരതയും ഉറപ്പാക്കാനും കഴിയും.

○ **റോസ്ഗാർ സഹായക് (തൊഴിൽ ഉറപ്പ്)**

- എം.ജി.എൻ.ആർ.ഇ.ജി.എ പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകളെ സഹായിക്കുക.
- രജിസ്ട്രേഷൻ പ്രക്രിയ, തൊഴിൽ കാർഡ് രജിസ്ട്രേഷൻ, തൊഴിൽ അപേക്ഷകർക്ക് തീയതി വച്ചുള്ള രശീതികൾ നൽകുക, അപേക്ഷകർക്ക് പ്രവൃത്തി അനുവദിക്കുക മുതലായവയുടെ മേൽനോട്ടം.
- ഗ്രാമസഭയോഗങ്ങളും സോഷ്യൽ ഓഡിറ്റുകളും നടത്താൻ സഹായിക്കുക.
- വർക്ക് സൈറ്റിലെ നിർദ്ദിഷ്ട മസ്റ്റർ റോളിൽ മേറ്റ് വഴിയോ സ്വയമായോ തൊഴിലിലെ ഹാജർ നില ഓരോ ദിവസവും രേഖപ്പെടുത്തുക.
- ഓരോ സംഘം തൊഴിലാളികൾക്ക് വർക്ക്സൈറ്റിൽ ഗ്രൂപ്പ് മാർക്ക് നൽകുന്നുണ്ടെന്ന് ഉറപ്പാക്കുക. അങ്ങനെയെങ്കിൽ തൊഴിലെടുക്കുന്നവർക്ക് ഓരോ ദിവസവും വേതനം ലഭിക്കാൻ എത്രത്തോളം പ്രവൃത്തിപൂർത്തിയാക്കണമെന്ന് അറിയാൻ കഴിയും

- മേറ്റുകൾ വർക്ക് സൈറ്റുകളിൽ സമയത്ത് ഹാജരായി റോൾകോൾ/ഹാജർ നിർദ്ദിഷ്ടമസ്റ്റർ റോളിൽ എടുക്കുന്നെന്ന് ഉറപ്പാക്കുക.
- വർക്ക് സൈറ്റുകളിലെ സൗകര്യങ്ങളും തൊഴിലെടുക്കുന്നവരുടെ തൊഴിൽ കാർഡുകളും മുടങ്ങാതെ അപ്ഡേറ്റ് ചെയ്യുന്നെന്ന് ഉറപ്പാക്കുക.
- ഗ്രാമപഞ്ചായത്ത് തലത്തിൽ MGNREGS മായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക
- MGNREGA കണക്കുകൾ സൂക്ഷിക്കാൻ ചുമതലയുള്ള പഞ്ചായത്ത് സെക്രട്ടറിയേയോ മറ്റ് ജീവനക്കാരെയോ സഹായിക്കുക.
- പൊതുജന പരിശോധനക്കായി രേഖകൾ സൗകര്യപ്രദമായി ലഭ്യമാകുന്നെന്ന് ഉറപ്പാക്കുക.
- റോസ്ഗാർ ദിവസ് സംഘടിപ്പിക്കുന്നതിൽ ഗ്രാമപഞ്ചായത്തിനെ പിന്തുണയ്ക്കുകയും റോസ്ഗാർ ദിവസിന്റെ കൺവീനനറായി പ്രവർത്തിക്കുകയും ചെയ്യുക.
- ഗ്രാമീണ വിഭവ വിഭാഗത്തിന്റെ ഭാഗമായി ഗ്രാമത്തിൽ സംയോജനത്തിനായി ആസൂത്രണ പ്രക്രിയയെ സഹായിക്കുക.
- മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം MIS(MGNREGA)പരിശോധനക്ക് ശേഷം അർഹരായ കുടുംബങ്ങളുടെ വിശദാംശങ്ങൾ പൂരിപ്പിക്കുക.
- സംസ്ഥാന ക്വാളിറ്റി മോണിറ്ററുടെ സന്ദർശനത്തിന് മുമ്പേ ഇൻഡക്സ് മാപ്പും അനുബന്ധ രേഖകളും ലഭ്യമാക്കുക.
- മേറ്റുകളോടൊപ്പം വേതന സ്ലിപ്പുകൾ തൊഴിലെടുക്കുന്നവർക്ക് വിതരണം ചെയ്യുക.